H46
Sa58

സന്മാൎഗ്ഗ പാഠാവലി

# സ്നേഹവും സേവനവും

സ്റ്റാൻഡേൎഡ് _ VI

‘തമസോ മാ ജ്യോതിർഗമയ’

സന്മാർഗ്ഗപാഠാവലി

# സ്നേഹവും സേവനവും

R
DHARMARAM COLLEGE LIBRARY, BANGALORE.
34213
H46
Sa58

സ്റ്റാൻഡാർഡ് VI

POC Publications—No: 24

## 'SNEHAVUM SEVANAVUM'

Moral Instruction Series
Standard VI

| | |
|---|---|
| Date | July 15, 1972 |
| Published | by P O C., Cochin-25, Kerala, India |
| Copy right | (c) 1972 P O C. Kerala, India<br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |
| Printed | at The Orient Litho Press, Sivakasi |
| Price | Rs. 1-30 |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സഹോദരനിൽ ഈശ്വരനെ ദർശിക്കുക | 13 |
| 2. | എല്ലാവരും ഈശ്വരൻെറ മക്കൾ | 17 |
| 3. | സ്നേഹത്തിനു് അതിരുകളില്ല | 21 |
| 4. | ദിവസം ഒരു സൽപ്രവൃത്തി | 25 |
| 5. | ആരെയും ദ്രോഹിക്കരുതു് | 28 |
| 6. | ഞാൻ ഉദാരനായിരിക്കും | 32 |
| 7. | ഞാൻ വിനയമുള്ളവനായിരിക്കും | 35 |
| 8. | ക്ഷമാശീലം | 39 |
| 9. | കൃതജ്ഞത | 42 |
| 10. | കഴിവുകൾ വികസിപ്പിക്കുക | 46 |
| 11. | നിസ്വാർത്ഥസേവനം | 50 |
| 12. | ഹൃദയവിശാലത | 53 |
| 13. | ഞാൻ സത്യസന്ധനായിരിക്കും | 56 |
| 14. | ആത്മവിശ്വാസം | 59 |
| 15. | സൽപ്പേരു് | 63 |
| 16. | സംസാരത്തിൽ ശ്രദ്ധിക്കുക | 66 |
| 17. | സ്വരാജ്യസ്നേഹം | 70 |
| 18. | നേതാവിനെ അനുഗമിക്കണം | 74 |
| 19. | പൊതുവസ്തുക്കളുടെ ഉപയോഗം | 77 |

# ആമുഖം

വിദ്യാഭ്യാസകാലം ജീവിതത്തിനുവേണ്ടിയുള്ള ശരിയായ തയ്യാറെടുപ്പിന്റെ ഘട്ടമാണു്. അവിശ്രമമായ പരിശ്രമവും അശ്രാന്തമായ പഠനവുംകൊണ്ടേ വിദ്യാൎത്ഥി ജീവിതായോധനത്തിനു പ്രാപ്തനാകൂ. ഈ പ്രാപ്തി കൈവരണമെങ്കിൽ ഉത്തരവാദിത്വബോധവും സേവനസന്നദ്ധതയും ധൎമ്മതൽപ്പരതയും കുട്ടികൾക്കുണ്ടാകണം. ഇതിനു വിദ്യാഭ്യാസപ്രവൎത്തകർ നിൎദ്ദേശിക്കുന്നതു സന്മാൎഗ്ഗശാസ്ത്രപഠനമാണു്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസം കാലാനുസൃതം പരിഷ്ക്കരിക്കുവാൻ ഏൎപ്പെടുത്തപ്പെട്ട യൂണിവേഴ്സിററി കമ്മീഷൻ, സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷൻ, കോത്താരിക്കമ്മീഷൻ തുടങ്ങിയ സകല സമിതികളും ഊന്നിപ്പറയുന്നുണ്ടു്, കോളജുകളിലും സ്കൂളുകളിലും സന്മാൎഗ്ഗശാസ്ത്രം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത. കേരളത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന നിയമങ്ങളിലും (K. E. R.) ഈ വിഷയത്തിനു പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. പക്ഷേ സന്മാൎഗ്ഗബോധനം കാര്യക്ഷമമായി നല്കുന്നതിനുള്ള പരിതഃസ്ഥിതികളോ, ഉപകരണങ്ങളോ നമുക്കിന്നില്ല. അനുയോജ്യമായ പാഠപുസ്തകങ്ങളില്ലെന്നുള്ളതാണു് മുഖ്യപരാധീനത. അതു പരിഹരിക്കണമെന്ന ഏകാഭിലാഷമാണു് അഞ്ചു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ ഉപയോഗത്തിനായി ഈ സന്മാൎഗ്ഗശാസ്ത്രഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കുവാൻ പി. ഒ. സി. യെ പ്രേരിപ്പിച്ചിട്ടുള്ളതു്. അദ്ധ്യാപകരും വിദ്യാഭ്യാസപ്രവൎത്തകരും സാഹിത്യകാരന്മാരും അടങ്ങിയ ആറു വിദഗ്ദ്ധകമ്മററികളുടെ പ്രവൎത്തനഫലമായിട്ടാണു് ഇവ രൂപം കൊണ്ടതു്.

ജാതിമതഭേദമെന്യേ സകലൎക്കും സ്വീകാര്യമായ ആശയങ്ങളാണു് ഇവയിൽ പ്രതിപാദിച്ചിരിക്കുന്നതു്. മൃഗങ്ങളെപ്പോലെ ജന്മപ്രേരണയനുസരിച്ചു പ്രവൎത്തിക്കുവാൻ മനുഷ്യനും

നൈസർഗ്ഗികമായ വാസനയും താല്പര്യവുമുണ്ട്; പ്രത്യേകിച്ച ബാലികാബാലന്മാക്ക്. ജന്മവാസനകളെ ബുദ്ധിയുടെയും മനസ്സിൻെറയും നിയന്ത്രണത്തിലാക്കി മനുഷ്യോചിതം ജീവിക്കുവാൻ സഹായിക്കുന്ന അറിവാണ് സന്മാർഗ്ഗപഠനം പ്രദാനം ചെയ്യുന്നതു്.

സന്മാർഗ്ഗബോധനത്തിൽ പുതിയ പ്രകാശവും പുതിയ സമീപനവും കേരളത്തിനിന്നാവശ്യമാണ്. അദ്ധ്യാപകരിലും അദ്ധ്യേതാക്കളിലും അവ പകരുകയാണ് ഈ പുസ്തകപരമ്പരകൊണ്ട് ഉദ്ദേശിക്കുന്നതു്. ഇതെത്രമാത്രം സഫലമായെന്നു തീരുമാനിക്കേണ്ടതു് കേരളത്തിലെ സന്മാർഗ്ഗനിരതരായ അദ്ധ്യാപകരാണ്. കൂടുതൽ മെച്ചപ്പെട്ട നിർദ്ദേശങ്ങരം അവരിൽനിന്നു പ്രതീക്ഷിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ടെക്സ്റ്റ്ബുക്ക് കമ്മററിക്കുവേണ്ടി

പി. ഒ. സി.

15–7–1972 ഡോ. കുര്യാക്കോസ് മ്യാലിൽ.

# ഈ പുസ്തകം ഉപയോഗിക്കേണ്ട വിധം

പാഠപുസ്തകമെന്നതിനുപുറമെ, അദ്ധ്യാപക സഹായിയായും (Teachers' Guide) ഉപയോഗിക്കത്തക്കവിധമാണു് ഈ പുസ്തകപരമ്പര തയ്യാറാക്കിയിട്ടുള്ളതു്. ഇവ ഉപയോഗിക്കേണ്ട വിധത്തെപ്പററി അല്പം പ്രതിപാദിച്ചുകൊള്ളട്ടെ.

പരീക്ഷയെഴുതുവാൻ കുറെ ആശയങ്ങൾ നല്കുന്നതിനു വേണ്ടിയല്ല, പ്രത്യുത, ലഭിക്കുന്ന ആശയങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻവേണ്ടിയാണു സന്മാർഗ്ഗശാസ്ത്രം പഠിപ്പിക്കുന്നതു്. മനഃശാസ്ത്രപരമായിപ്പറഞ്ഞാൽ ഏതെങ്കിലുമൊരാശയം പ്രവൃത്തിപഥത്തിലെത്തുന്നതിനുമുമ്പു് മൂന്നു ഘട്ടങ്ങൾ കടക്കുന്നു. ആദ്യം പ്രസ്തുത ആശയത്തെപ്പററി അറിവും ബോദ്ധ്യവും ഉണ്ടാകുന്നു. രണ്ടാമതു് ആ ബോദ്ധ്യത്തിൽനിന്നു്, നവമായ ഒരു മനോഭാവവും (attitude) മൂല്യങ്ങളും (values) രൂപംകൊള്ളുന്നു. അടുത്തതായി ശീലങ്ങളും (habits) പ്രവർത്തനരീതികളും ആവിർഭവിക്കുന്നു.

ക്ലാസ്സുകളിൽനിന്നു സാധാരണയായി വിജ്ഞാനം അതിൻെറ കേവല രൂപത്തിലല്ലാതെ ലഭിക്കുന്നുണ്ടോ എന്നു സംശയമാണു്. ലഭ്യമാകുന്ന ആശയങ്ങൾ വിദ്യാർത്ഥികൾ പ്രാവർത്തികമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണു് ഈ പുസ്തകം സംവിധാനം ചെയ്തിരിക്കുന്നതു്. വെറും തത്വങ്ങൾ മാത്രം ക്ലാസ്സിൽ അവതരിപ്പിച്ചാൽ വിദ്യാർത്ഥികൾക്കു് അവ മനസ്സിലാകുകയോ അവയിൽ താല്പര്യമുളവാകുകയോ ചെയ്യുകയില്ല. ബുദ്ധിയോടൊപ്പം അവരുടെ വികാരവും, ഭാവനയും, ഓർമ്മയും പ്രവർത്തിക്കണം. ഒരു കഥയോ, സംഭവമോ കൊണ്ടു പാഠം ആരംഭിക്കുകയാണെങ്കിൽ കുട്ടികൾ താല്പര്യപൂർവ്വം ശ്രദ്ധിക്കും. അതിനാൽ ഓരോ പാഠത്തിലും ചർച്ച ചെയ്യുന്ന വിഷയങ്ങൾ മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ അവതരിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ടു്.

കുട്ടികളുടെ സഹകരണത്തോടുകൂടി അദ്ധ്യാപകർ പാഠം വിശകലനം ചെയ്യുമ്പോഠം ആശയങ്ങഠം പടിപടിയായി അവരിൽ പതിയും. പ്രസ്തുത ആശയങ്ങഠംക്കു ചിട്ടയും ക്രമവും ലഭിക്കുന്നതിനും കാതലായവ മനസ്സിൽ കൂടുതൽ ദൃഢമൂലമാകുന്നതിനും യുക്തിയുക്തമായ ചോദ്യങ്ങഠം ആവശ്യമാണു്. സാധാരണ ക്ലാസ്സുകളിൽ ബോർഡുസംഗ്രഹം (B. B. Summary) ഇത്തരം ചോദ്യങ്ങഠംകൊണ്ടാണല്ലൊ രൂപവൽക്കരിക്കാറുള്ളതു്.

ഇങ്ങനെ ലഭിക്കുന്ന പ്രധാന ആശയങ്ങഠം കുട്ടികളുടെ അനുദിനജീവിതത്തിൽ പ്രായോഗികമാക്കേണ്ട വിധത്തെപ്പററി ചച്ച് ചെയ്യണം. ഏതെല്ലാം കാര്യങ്ങളാണു് പ്രാവത്തികമാക്കേണ്ടതെന്നുള്ളതു് അദ്ധ്യാപകനും വിദ്യാത്ഥികളും നടത്തുന്ന ആശയവിനിമയത്തിൽനിന്നും ഉരുത്തിരിയേണ്ടതാണു്. ക്ലാസ്സിനുശേഷം കിട്ടുന്ന ആദ്യത്തെ അവസരത്തിൽ ത്തന്നെ അവ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ വിദ്യാത്ഥികഠം പ്രാപ്തരായിത്തീരണം.

'ചിന്തിക്കാൻ' 'പ്രവത്തിക്കാൻ' എന്നീ ശീർഷകത്തിൽ ഓരോ പാഠത്തിന്റെയും അവസാനഭാഗത്തു കുറെ ചോദ്യങ്ങഠം ചേത്തിട്ടുള്ളതു് ഇക്കാര്യത്തിൽ അദ്ധ്യാപകനെ സഹായിക്കാനാണു്. തങ്ങളെ പഠിപ്പിച്ച കാര്യങ്ങഠം കുറഞ്ഞസമയംകൊണ്ടു കൂടുതൽ വ്യക്തമായി മനസ്സിലുറപ്പിക്കുവാനും പ്രവൃത്തിപഥത്തിലെത്തിക്കുവാനും വിദ്യാത്ഥികഠംക്കും അവ സഹായകമായിരിക്കും.

ഈ രണ്ടുതരം ചോദ്യങ്ങഠംക്കു തമ്മിൽ കാര്യമായ വ്യത്യാസമില്ലെന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. രണ്ടിലേയും കാതലായ ആശയങ്ങഠം ഒന്നുതന്നെ. പക്ഷേ, ലക്ഷ്യത്തിനു വ്യത്യാസമുണ്ടു്. പാഠത്തിലെ പ്രധാനാശയങ്ങഠം ലഭിക്കുവാനാണു് 'ചിന്തിക്കാൻ' എന്ന ചോദ്യങ്ങഠം. അവയ്ക്കു ശരിയായ ഉത്തരം കണ്ടുപിടിക്കുമ്പോഠം കാതലായ ആശയങ്ങഠം കുട്ടികളുടെ മനസ്സിൽ പതിയും. അടുത്തപടി പ്രവത്തിക്കുകയാണല്ലോ. ആദ്യത്തെ ഇനത്തിൽപ്പെട്ട ചോദ്യങ്ങഠംവഴി ലഭിക്കുന്ന ആശയങ്ങഠം പ്രാവത്തികമാക്കാൻ സഹായിക്കുന്ന

വയാണ്ട് രണ്ടാമിനത്തിൽപ്പെട്ടവ. ഇത്തരം ചോദ്യങ്ങൾക്കു ത്തരം ലഭിക്കുമ്പോൾ കുട്ടികളുടെ മനോഭാവത്തിനു വ്യതിയാനമുണ്ടാകുകയും, തദനുസരണം പ്രവർത്തിക്കാൻ അവർ പ്രാപ്തരായിത്തീരുകയും ചെയ്യും.

ഈ വ്യത്യാസം വ്യക്തമാക്കുന്നതിനു് രണ്ടിനത്തിലും പെട്ട ഓരോ ചോദ്യങ്ങൾ പരിശോധിച്ചുനോക്കാം. പുസ്തകത്തിലെ മൂന്നാം പാഠത്തിൽ ചിന്തിക്കുവാനുള്ള നാലാം ചോദ്യവും പ്രവർത്തിക്കുവാനുള്ള രണ്ടാം ചോദ്യവുമെടുക്കാം. അവ താഴെ ചേർക്കുന്നു.

**ചിന്തിക്കാൻ** ചോദ്യം 4

''പണത്തെക്കാൾ കൂടുതലായി സാധുക്കൾപോലും വിലമതിക്കുന്നതെന്തു്?.

**പ്രവർത്തിക്കാൻ** ചോദ്യം 2

അലക്ഷ്യമായി ഒരു നാണയത്തുട്ട് യാചകനു് എറിഞ്ഞു കൊടുത്താൽ അവനോടുള്ള കടപ്പാടവസാനിച്ചെന്നാണു് പലരുടെയും ധാരണ. ഈ മനസ്ഥിതിയിലുള്ള തെററെന്തു്? ചർച്ച ചെയ്യുക.

ആദ്യത്തെ ചോദ്യത്തിനുത്തരമായി, പണത്തെക്കാൾ ആവശ്യം സ്നേഹവും, അനുകമ്പയും, പ്രോത്സാഹനവും, അംഗീകാരവുമാണെന്ന ആശയം കുട്ടികളിൽനിന്നും ലഭിക്കും. അതു പ്രവർത്തിക്കുവാനുള്ള അടിസ്ഥാനം മാത്രമേയാകുന്നുള്ളു.

ദരിദ്രനു് ഒരു നാണയത്തുട്ടു് അലക്ഷ്യമായി എറിഞ്ഞു കൊടുക്കുന്ന മനസ്ഥിതിയിലുള്ള തെററു കണ്ടുപിടിക്കാൻ ചർച്ചനടത്തുമ്പോൾ എന്താണു സംഭവിക്കുക? അങ്ങനെ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്താണെന്നു സ്വാഭാവികമായും ചിന്തിക്കും. സഹായിക്കുവാനെന്നതിനെക്കാൾ ശല്യമൊഴിക്കുവാൻ വേണ്ടിയാണു് പലപ്പോഴും നാം ദാനം ചെയ്യുന്നതെന്നു വ്യക്തമാകും. ദാനം കിട്ടുന്നവനു ദാതാവിനോടു യാതൊരു

കൃതജ്ഞതയും തോന്നുകയില്ലെന്നു മാത്രമല്ല വെറുപ്പുണ്ടാവുകയും ചെയ്യും. അവഗണനാ അയാളിൽ സങ്കടവും ഉളവാക്കും. മറിച്ച് ഒന്നും ദാനം ചെയ്യാനില്ലെങ്കിലും ഒരാൾ അയാളോട് അനുകമ്പ കാണിച്ചാൽ, അയാളും ഒരു മനുഷ്യനാണെന്ന് അംഗീകരിച്ചാൽ — എത്ര നല്ല സഹോദരസ്നേഹപ്രകടനമായിരിക്കും അത്. ഇത്തരം ചർച്ചവഴി അവശരോടും ദരിദ്രരോടും കുട്ടികൾക്കുള്ള മനോഭാവത്തിൽ മാററമുണ്ടാകും. മേലിൽ അവരോട് കാരുണ്യപൂർവ്വം പെരുമാറുവാൻ അവർ സന്നദ്ധരായിത്തീരുകയും ചെയ്യും.

'പ്രവർത്തിക്കാൻ' കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ആദ്യമായി കുട്ടികളുടെ ബുദ്ധിയെയും മനസ്സിനെയുമാണു പ്രവർത്തിപ്പിക്കുന്നത്. ആ പ്രവർത്തനമാണ് മനുഷ്യോചിതമായ പ്രവർത്തനങ്ങൾക്കു നിദാനമായിത്തീരുന്നത്. ഈ യാഥാർത്ഥ്യം മുൻനിറുത്തിക്കൊണ്ട് ക്ലാസ്സുകളെടുത്താൽ മാത്രമേ ഈ പുസ്തകപരമ്പരകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളു.

കുട്ടികളെ ഉൽബുദ്ധരാക്കുവാനും അവരിൽ പ്രായോഗികബുദ്ധി വളർത്തുവാനും പര്യാപ്തമായ ധാരാളം ചോദ്യങ്ങൾ ഈ പുസ്തകത്തിലുണ്ട്. അവ യഥോചിതം ഉപയോഗിച്ച് സ്കൂൾ അസംബ്ലിയിൽ കുട്ടികളോടു സംസാരിക്കാവുന്നതുമാണ്.

## 1

# സഹോദരനിൽ ഈശ്വരനെ ദർശിക്കുക

പണ്ട് ഒരു പ്രഭു തൻെറ പുത്രൻെറ ജന്മദിനം ആഘോഷിക്കുവാൻ ഒരു വലിയ വിരുന്നൊരുക്കി. ആ രാജ്യത്തിലെ രാജാവിനെ അദ്ദേഹം അതിഥിയായി ക്ഷണിച്ചിരുന്നു. രാജാവിനെ സ്വീകരിക്കുവാനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി. മന്ദിരവും പരിസരങ്ങളും കമനീയമായി അലങ്കരിച്ചു. പ്രവേശനകവാടത്തിൽ ഒരു വലിയ കമാനവും ഉയർത്തി. എന്നിട്ട് പ്രഭുവും പരിചാരകന്മാരും രാജാവിനെ എതിരേൽക്കാൻ സന്നദ്ധരായി കാത്തുനിന്നു. അപ്പോൾ അവിടേയ്ക്ക് ഒരു യാചകൻ കടന്നുവന്നു. പാറിപ്പറക്കുന്ന തലമുടിയും, മുഷിഞ്ഞ വസ്ത്രങ്ങളും, വികൃതമായ മുഖഭാവവുമാണ് അയാൾക്കുണ്ടായിരുന്നത്. യാചകനെ കണ്ടപ്പോൾ പ്രഭുവിനു കോപംതോന്നി. രാജാവിനെ സ്വീകരിക്കുന്ന മംഗളമഹുത്തത്തെ അലങ്കോലപ്പെടുത്തുവാൻ വന്നിരിക്കുന്നു! പ്രഭുവിൻെറ കല്പനയനുസരിച്ച് പരിചാരകന്മാർ അയാളെ നിർദ്ദയം ആട്ടിപ്പായിച്ചു.

പ്രഭു പിന്നെയും വളരെനേരം കാത്തുനിന്നു. എന്നിട്ടും രാജാവിൻെറ ആഗമനം ഉണ്ടായില്ല. അവസാനം സന്ധ്യയായപ്പോൾ രാജകൊട്ടാരത്തിൽനിന്നും ചില പരിചാരകന്മാരെത്തി. തിരുമേനി വരാത്തതെന്താണെന്നു പ്രഭു അവരോട് ഉൽക്കണ്ഠയോടെ തിരക്കി. അവർ പറഞ്ഞു: ''തിരുമേനി ആഗതനായിരുന്നല്ലോ! നിങ്ങൾ അദ്ദേഹത്തെ കണ്ടില്ലേ?''

''ഇല്ല, പ്രഭാതംമുതൽ ഞാൻ ഇവിടെ കാത്തു നില്ക്കുകയായിരുന്നല്ലോ'' പ്രഭു പറഞ്ഞു. അപ്പോൾ രാജസേവ

കന്മാർ പറഞ്ഞു: ''തിരുമേനി ഇന്നൊരു കൗശലം പ്രയോഗിച്ചു. അവിടത്തെ പാവപ്പെട്ട പ്രജകളോട നിങ്ങരം എങ്ങനെയാണു പെരുമാറുന്നതെന്നു നേരിട്ട മനസ്സിലാക്കവാൻ അവിടന്നു് ആഗ്രഹിച്ചു. അതുകൊണ്ടു് ഒരു യാചകൻെറ വേഷത്തിലാണു തിരുമേനി ഇവിടെ എത്തിയതു്. നിങ്ങരം ആട്ടിപ്പായിച്ച യാചകൻ ഈ രാജ്യത്തിലെ രാജാവായിരുന്നു.''

ഇതു കേട്ടപ്പോരം പ്രഭു സ്തംഭിച്ചു നിന്നുപോയി!

ഈ കഥയിലെ രാജാവു് ഈശ്വരൻെറ പ്രതിരൂപമാണു്. നാമെല്ലാം ഈശ്വരനെ ബഹുമാനിക്കുകയും ഈശ്വരഹിതം അനുഷ്ഠിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവം നമ്മുടെ സ്രഷ്ടാവും സംരക്ഷകനും ആയതുകൊണ്ടു് ദൈവത്തെ ആരാധിക്കുവാനും അനുസരിക്കുവാനും നമുക്കു തീർച്ചയായും കടമയുണ്ടു്. എന്നാൽ ഈശ്വരൻ അരൂപിയായതിനാൽ നമുക്കു് അവിടത്തെ നേരിട്ടു കാണുവാനോ കേരംക്കുവാനോ സാദ്ധ്യമല്ല. അദൃശ്യനായ ഈശ്വരനെ സ്നേഹിക്കുവാനും സേവിക്കുവാനും ഏററവും ഫലപ്രദമായ ഒരു മാർഗ്ഗമുണ്ടു്. ഈശ്വരൻെറ സൃഷ്ടികളായ മററു മനുഷ്യരിൽ, അതായതു് നമ്മുടെ സഹോദരന്മാരിൽ അവിടത്തെ കണ്ടു്, സേവിക്കുകയാണു് ആ മാർഗ്ഗം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ അദൃശ്യനായ ഈശ്വരനെ സ്നേഹിക്കുന്നുവെന്നു പറയുന്നതു വഞ്ചനയാണു്.

നിത്യമായി നിലനിൽക്കുന്ന ഏകബന്ധം സാഹോദര്യത്തിൻേറതാണു്. ഈ ബന്ധം വളർത്താൻ നിരവധി മാർഗ്ഗങ്ങരം നമ്മുടെ മുമ്പിൽ തെളിഞ്ഞു കിടപ്പുണ്ടു്. വിശക്കുന്നവനു് ആഹാരം, ദാഹിക്കുന്നവനു് പാനീയം, രോഗിക്കു മരുന്നും ആശ്വാസവചനങ്ങളും, വീടില്ലാത്തവക്കു് പാർപ്പിടം, വസ്ത്രമില്ലാത്തവക്കു് ഉടുതുണി എന്നിവയൊക്കെ നൽകുന്നതു് പരസ്നേഹപ്രവൃത്തികളാണു്. പരസ്നേഹപ്രവൃത്തികരംവഴി നമുക്കു് ഈശ്വരാനുഭൂതി കൈവരുന്നു. സഹോദരങ്ങളിൽ ഈശ്വരനെ കാണാൻ കഴിയാത്തതിൻെറ ഫലമല്ലേ ഇന്നു ലോകത്തിൽ നടമാടുന്ന അനീതികളും, വിപ്ലവങ്ങളും, യുദ്ധങ്ങളുമെല്ലാം?

മററുള്ളവക്കുവേണ്ടി ജീവൻപോലും ബലിയപ്പിച്ചിട്ടുള്ള

മഹാന്മാരെപ്പററി നാം ധാരാളം കേട്ടിട്ടുണ്ട്. അടിമകളെ മോചിപ്പിച്ച എബ്രാഹം ലിങ്കൺ അവക്കുവേണ്ടി വെടിയേററു മരിച്ചു. ഇന്ത്യയെ സ്നേഹിച്ച ഗാന്ധിജി ഇന്ത്യയ്ക്കുവേണ്ടി ജീവൻ അർപ്പിച്ചു. നീഗ്രോകളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ച മാർട്ടിൻ ലൂതർ കിംഗും അവർക്കുവേണ്ടി ആത്മാർപ്പണം ചെയ്തു. ഇതുപോലുള്ള ധീരാത്മാക്കൾ ഇന്നും ധാരാളമുണ്ട്.

അജ്ഞരെ വിജ്ഞരാക്കാൻ അദ്ധ്യാപകർ വിദ്യാലയങ്ങളിൽ പണിയെടുക്കുന്നു. ഫലശൂന്യമായ പാടങ്ങളിൽ പൊൻമണി വിളയിക്കാൻ കർഷകർ അദ്ധ്വാനിക്കുന്നു. അസംസ്കൃതപദാത്ഥങ്ങളിൽനിന്നു് അത്ഭുതാവഹങ്ങളായ വസ്തുക്കൾ നിർമ്മിക്കാൻ തൊഴിലാളികൾ ഫാക്ടറിയിൽ പ്രയത്നിക്കുന്നു. ആതുരക്കു് ആശ്വാസം പകരാൻ ഡോക്ടർമാരും നേഴ്സുമാരും ആശുപത്രിയിൽ അഹോരാത്രം സേവനമനുഷ്ഠിക്കുന്നു. കവി പാടുന്നു. ചിത്രകാരൻ ചിത്രമെഴുതുന്നു. ഇതെല്ലാം ഇവർ ചെയ്യുന്നതു് പണവും പ്രതാപവും മാത്രം ലക്ഷ്യമാക്കിയല്ല. ഓരോ നല്ല പ്രവൃത്തിയും സഹോദര സേവനമാണ്. അർപ്പണമനോഭാവത്തോടെ നിവ്വഹിക്കപ്പെടുമ്പോൾ അവ ഏററവും വിശിഷ്ടമായ ഈശ്വരപൂജയായിത്തീരുന്നു.

ഈശ്വരൻ, സൃഷ്ടികളുടെ കൂട്ടത്തിൽ മനുഷ്യനിലാണു് തൻെറ സ്നേഹം ഏററവുമധികം വഷിച്ചിട്ടുള്ളതു്. ഈശ്വരനെയും സഹോദരങ്ങളെയും സ്നേഹിക്കുന്നതിൽ മനുഷ്യൻ വലിയ സന്തോഷം അനുഭവിക്കുന്നു. സൃഷ്ടവസ്തുക്കളിൽവച്ചു് ഈശ്വരൻെറ മെച്ചപ്പെട്ട പ്രതിച്ഛായ മനുഷ്യനിലാണ്. മനുഷ്യനു് മനുഷ്യൻ ദൈവത്തിൻെറ പ്രതിച്ഛായയും സാന്നിദ്ധ്യവുമാണ്. മററുള്ളവർക്കു നാം നൽകുന്ന സ്നേഹപരിചരണങ്ങൾ ഈശ്വരനു തന്നെ നൽകുന്നതായി അവിടുന്നു പരിഗണിച്ചുകൊള്ളും.

> എൻെറ സഹോദരനിൽ മാത്രമേ എനിക്കു് ഈശ്വരനെ കാണാൻ സാധിക്കൂ.
>
> എൻെറ സഹോദരനിൽ മാത്രമേ എനിക്കു് ഈശ്വരനെ സേവിക്കാൻ സാധിക്കൂ.
>
> മററുള്ളവരെ നിന്ദിച്ചാൽ ഈശ്വരൻ നമ്മെ ഉപേക്ഷിക്കും.
> മററുള്ളവരെ വെറുത്താൽ ഈശ്വരൻ നമ്മെ വെറുക്കും.

മററുള്ളവരെ ദ്രോഹിച്ചാൽ ഈശ്വരൻ നമ്മെ ശിക്ഷിക്കും. അന്യരോടു ക്ഷമിച്ചാൽ ഈശ്വരൻ നമ്മോടു ക്ഷമിക്കും. അന്യരെ സഹായിച്ചാൽ ഈശ്വരൻ നമ്മെ സഹായിക്കും.

അന്യരെ സ്നേഹിച്ചാൽ ഇന്നും എന്നേയ്ക്കും അവിടുന്നു നമ്മെ സ്നേഹിക്കും.

തന്മൂലം സഹോദരങ്ങളുടെ മനസ്സിനെ വേദനിപ്പിക്കത്തക്കവിധം നാം ഒരിക്കലും സംസാരിക്കരുതു്. അവരുടെ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കണം. അവരുടെ പ്രവൎത്തനങ്ങളെ തെററായി വിധിക്കുകയോ വിമർശിച്ചു സംസാരിക്കുകയോ ചെയ്യരുതു്.

## ചിന്തിക്കാൻ

1. നിങ്ങൾ പഠിച്ച കഥയിലെ രാജാവു് യാചകവേഷം സ്വീകരിച്ചതിൻെറ ലക്ഷ്യമെന്തു്?
2. അദ്ദേഹം പ്രഭുവിനെ പഠിപ്പിക്കാനാഗ്രഹിച്ച പാഠമെന്തു്?
3. സഹോദരസ്നേഹം പുലൎത്തുവാനുള്ള ചില മാൎഗ്ഗങ്ങൾ ഏവ?
4. വിവിധരംഗങ്ങളിൽ പണിയെടുക്കുന്നവൎക്കു പണസമ്പാദനത്തിലുപരിയായി ഉണ്ടായിരിക്കേണ്ട ലക്ഷ്യമെന്തു്?

## പ്രവൎത്തിക്കാൻ

1. സഹോദരങ്ങൾക്കുവേണ്ടി ജീവൻ അർപ്പിച്ച ചില മഹാന്മാരുടെ പേരെഴുതുക?
2. വിദ്യാൎത്ഥികളായ നിങ്ങൾക്കു ചെയ്യാൻ സാധിക്കുന്ന സേവനകൃത്യങ്ങളുടെ ഒരു ലിസ്റ്റു് തയ്യാറാക്കുക.

## 2

## എല്ലാവരും ഈശ്വരൻെറ മക്കൾ

നമ്മുടെ ക്ലാസ്സിൽ ധാരാളം കുട്ടികളുണ്ടല്ലോ. അവർ തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. രാജുവിനു കൂടുതൽ ബുദ്ധിയുണ്ട്. അരുണക്കു് അഴകുണ്ട്. പ്രഭക്കു പൊക്കം കൂടും. വത്സ വണ്ണമുള്ളവളാണ്. ബാഹ്യമായ ഈ വ്യത്യാസങ്ങൾ മാററി നിറുത്തിയാൽ ഇവരെല്ലാം തുല്യരാണെന്നു കാണാം. മനുഷ്യരെന്ന നിലയിൽ ഇവരെല്ലാം സമന്മാരത്രെ. ഇവരെയെല്ലാം മനുഷ്യരാക്കിത്തീർക്കുന്ന ഘടകവും ഒന്നുതന്നെ. എല്ലാവർക്കുമുണ്ട് നശ്വരമായ ഒരു ശരീരവും, അനശ്വരമായ ഒരാത്മാവും. മാത്രമല്ല, എല്ലാവരേയും സൃഷ്ടിച്ചതു ദൈവമാണ്. നമ്മെ സ്നേഹിക്കുന്ന നല്ല പിതാവാണു ദൈവം. തന്മൂലം മനുഷ്യമഹാകുടുംബത്തിലെ അംഗങ്ങളാണു നാമെല്ലാവരും. ഈ ദൈവിക പിതൃത്വമാണ് വിശ്വസാഹോദര്യത്തിൻെറ അടിസ്ഥാനം. ഇതുതന്നെയാണ് ജാതിമതശത്രുമിത്രഭേദമെന്യേ ഏവരേയും സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും. പിതാവായ ഈശ്വരനെ സ്നേഹിക്കുന്നുവെങ്കിൽ അവിടത്തെ മക്കളെയും നാം സ്നേഹിക്കാതിരിക്കുമോ?

കൽക്കത്തായിലെ തെരുവുകളിൽ പരസ്നേഹത്തിൻെറ അത്ഭുതം പ്രവർത്തിക്കുന്ന മദർ തെരേസായെപ്പററി നിങ്ങൾ കേട്ടിരിക്കും. നമ്മുടെ ഗവൺമെൻറ് നെഹ്റു അവാർഡ് നല്കി മദർ തെരേസായെ ബഹുമാനിച്ചതു് ഈ അടുത്ത കാലത്താണല്ലോ. ജീവിച്ചിരിക്കുന്ന പുണ്യവതിയെന്നു് എല്ലാവരും അവരെ വിളിക്കുന്നു. ആലംബഹീനരും അശരണരുമായ കൽക്കത്തായിലെ 'തെരുവിൻെറ മക്കൾക്കു്' അവർ ആശ്വാസവും

അഭയവും നൽകുന്നു. അവിടെ അനുദിനം നടക്കുന്ന അസംഖ്യം കഥകളിലൊന്നു് ഇവിടെ പകർത്താം.

"സഹോദരീ! നിങ്ങൾക്കെങ്ങനെയാണീ കഷ്ടപ്പാടുകൾ സഹിക്കുവാൻ കഴിയുന്നതു്?" ഒനിൽ എന്ന വൃദ്ധൻ ചോദിച്ചു.

മദർ തെരേസാ അയാളെ നോക്കി മന്ദഹസിച്ചു. മരണാസന്നനായ ഒരു മനുഷ്യൻ. കൽക്കത്താ നഗരത്തിലെ കുപ്പക്കുഴികളിലൊന്നിൽനിന്നു കണ്ടെടുക്കപ്പെട്ട കാൻസർരോഗി. ഭക്ഷണത്തിനോ മരുന്നിനോ അയാളെ രക്ഷപ്പെടുത്തുവാൻ കഴിയുമായിരുന്നില്ല. വിറകുപോലെ ഉണങ്ങിയ കൈകാലുകൾ. ഒരു കറുത്ത വ്രണംപോലിരിക്കുന്ന മുഖം.

മദർ തെരേസാ അയാളെ 'നിർമ്മല ഹൃദയം' എന്ന ഭവനത്തിലേക്കു കൊണ്ടുപോയി. അയാളുടെ വ്രണങ്ങൾ കഴുകുകയും മരുന്നുവച്ചു് ആശ്വസിപ്പിക്കുകയും ചെയ്തു.

"നിങ്ങളാരാണു്? മനുഷ്യർക്കിങ്ങനെ ചെയ്യാൻ പറ്റുമോ?" അന്ത്യശ്വാസം വലിക്കുന്ന ആ വൃദ്ധൻ ചോദിച്ചു. "സഹോദരീ! നിങ്ങൾ എങ്ങനെയാണിതു സഹിക്കുന്നതു്?"

"നിങ്ങളുടെ വേദനകളുമായി തുലനംചെയ്താൽ ഇതു നിസ്സാരമല്ലേ?" മദർ തെരേസാ ചോദിച്ചു.

"ഞാനിന്നലെവരെ ഒരു മൃഗമായിരുന്നു. ഇന്നെനിക്കു് ഒരു മനുഷ്യനെപ്പോലെ മരിക്കാൻ കഴിയുന്നു." ഒനീൽ പറഞ്ഞു: "സഹോദരീ നിങ്ങൾക്കു് എന്നെന്നും സ്തുതിയായിരിക്കട്ടെ!"

"എനിക്കല്ല സഹോദരാ, ക്രിസ്തുവിനോടൊത്തു സഹിക്കുന്ന നിങ്ങൾക്കാണു് സ്തുതി" അവർ പറഞ്ഞു.

മററാരുമില്ലാത്ത ഒരു ലോകത്തിലാണു് നാം ജീവിക്കുന്നതെങ്കിൽ നമുക്കു് ഈശ്വരനോടു മാത്രമേ കടപ്പാടു് ഉണ്ടാകുമായിരുന്നുള്ളു. അച്ഛനമ്മമാർ, സഹോദരീസഹോദരന്മാർ, അദ്ധ്യാപകർ, സ്നേഹിതർ, ദരിദ്രർ, സമ്പന്നർ, രോഗികൾ തുടങ്ങിയവരടങ്ങുന്ന ഒരു വലിയ സമൂഹത്തിലാണു നാം ജീവിക്കുന്നതു്. തന്മൂലം സമൂഹത്തിലെ മററംഗങ്ങളോടും

നമുക്കു ചില കടപ്പാടുകൾ ഉണ്ടു്. ഇവരോടുള്ള പെരുമാററരീതികൾ വിശദാംശങ്ങളിൽ വ്യത്യസ്തമായിരിക്കാമെങ്കിലും എല്ലാവരോടുമുള്ള സമീപനത്തിൻെറ അടിസ്ഥാനം ഒന്നുതന്നെ ആയിരിക്കണം—'സ്നേഹം'.

"സ്നേഹം ശാന്തതയുള്ളതും ദയയുള്ളതുമാകുന്നു.
സ്നേഹം അസൂയപ്പെടുന്നില്ല,
സ്നേഹം കലഹിക്കുന്നില്ല, അഹങ്കരിക്കുന്നില്ല.
ലജ്ജാവഹമായതു പ്രവർത്തിക്കുന്നില്ല.
തൻകാര്യം അന്വേഷിക്കുന്നില്ല; കോപിക്കുന്നില്ല.
തിന്മയായിട്ടുള്ളതു് വിചാരിക്കുന്നില്ല.
അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോ[ഷിക്കുന്നു.
സകലതും സഹിക്കുന്നു.
സകലതും വിശ്വസിക്കുന്നു.
സകലതും പ്രതീക്ഷിക്കുന്നു.
സകലതും അനുഭവിക്കുന്നു.
സ്നേഹം ഒരിക്കലും വീണുപോകുന്നില്ല". (ബൈബിൾ)

എല്ലാവരും ഈശ്വരൻെറ മക്കളാണെന്ന ബോദ്ധ്യം നമുക്കുണ്ടെങ്കിൽ ധനികൻ, ദരിദ്രൻ, ഭൃത്യൻ, യജമാനൻ, തൊഴിലാളി, മുതലാളി എന്നു തുടങ്ങിയ വ്യത്യാസം നോക്കാതെ, ഏവരേയും നാം സ്നേഹിക്കും. യഥാർത്ഥസ്നേഹമുണ്ടെങ്കിൽ മററുള്ളവരെ നാം നിന്ദിക്കുമോ? അവരോടു വഞ്ചന കാണിക്കുമോ? ഈശ്വരൻെറ മക്കളെ ഉപദ്രവിച്ചുകൊണ്ടു് ഈശ്വരനെ സ്നേഹിക്കാൻ കഴിയുന്നതെങ്ങനെ? ഇതരർ വേദനിക്കുമ്പോൾ നമുക്കു സന്തോഷമായിരിക്കുവാൻ എങ്ങനെ സാധിക്കും?

സ്നേഹമുള്ളവൻ സദാ സന്തോഷ ചിത്തനാണു് വിദ്വേഷമുള്ളവൻ വിഷാദമൂകനായിരിക്കും.

## ചിന്തിക്കാൻ

1. മനുഷ്യർ തമ്മിലുള്ള വ്യത്യാസങ്ങൾക്കപ്പുറത്തു് അവർ തമ്മിലുള്ള ഏററവും വലിയ സാമ്യം എന്തു്?

2. വിശ്വസാഹോദര്യത്തിൻെറ അടിസ്ഥാനമെന്തു്?

3. ജാതി മതഭേദമെന്യേ എല്ലവരേയും സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന വസ്തുതയെന്തു്?

## പ്രവൎത്തിക്കാൻ

1. "ആൎക്കും ഉപകാരം ഒന്നും ചെയ്യില്ലെങ്കിലും ഉപദ്രവിക്കാതിരുന്നാൽ മാത്രം മതി". എന്നു കരുതുന്ന പലരുമുണ്ടു്. ഈ ചിന്താഗതി ശരിയാണോ എന്നു പരിശോധിക്കുക.

2. പണസമ്പാദനത്തിനുള്ള അവസരങ്ങരം ഉപേക്ഷിച്ചു് സാധുജനസംരക്ഷണത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള പലരുമുണ്ടു്. ഇപ്രകാരമുള്ള ഒരു ജീവിതം നിങ്ങരംക്കു സ്വീകാര്യമാണോ?

3. സഹോദരനുമായുള്ള ബന്ധം എങ്ങനെയിരുന്നാലും വേണ്ടില്ല പ്രാൎത്ഥിക്കുകയും ബലിയർപ്പിക്കുകയും ചെയ്യാൽമതി മോക്ഷം കിട്ടാൻ എന്നു കരുതുന്ന പലരുമുണ്ടു്. സഹോദരസ്നേഹത്തെ അവഗണിച്ചു് മതാനുഷ്ഠാനങ്ങളിൽമാത്രം ശ്രദ്ധിക്കുന്നവരുടെ മനോഭാവത്തെപ്പററി നിങ്ങളുടെ വീക്ഷണഗതിയെന്തു്?

# 3

## സ്നേഹത്തിനു് അതിരുകളില്ല

സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കായിക മത്സരങ്ങൾ നടക്കുന്ന അവസരം. ഓട്ടത്തിനു മുൻപന്തിയിൽ നിൽക്കുന്നവരാണു് ജയനും, ജോയിയും. ജയന്റെ വീട്ടിലെ വേലക്കാരന്റെ മകനാണു് ജോയി. 400 വാര ഓട്ടം തുടങ്ങി. ഏതാനും വാരകൂടി ഓടിക്കഴിഞ്ഞാൽ ജോയി ഒന്നാം സ്ഥാനത്തു് എത്തിച്ചേരും. പക്ഷേ അവൻ കാലുതെററി വീണു. ഭയങ്കരമായ മുറിവേററു. വളരെയേറെ രക്തം വാർന്നുപോയി. തൊട്ടു പിന്നിൽ ജയനാണു്. ജയൻ ഓട്ടം നിർത്തി ജോയിക്കു വേണ്ട പരിചരണം നല്കുകയാണു്. ജോയിക്കു് കുറെ രക്തം കുത്തിവെയ്ക്കണമെന്നു് ഡോക്ടർ നിർദ്ദേശിച്ചു. രക്തം കൊടുക്കുവാൻ മുമ്പോട്ടു വന്നതും ജയനായിരുന്നു. തനിക്കു ലഭിക്കുമായിരുന്ന സമ്മാനംപോലും അവഗണിച്ച് പാവപ്പെട്ട ആ കുട്ടിയോടു സ്നേഹവും അനുകമ്പയും കാണിക്കാൻ ജയൻ തയ്യാറായി.

ഏററവും മാതൃകാപരമായ ഒരു കൃത്യമാണു് ജയൻ ചെയ്തതു്. ഒന്നാമതായി അവൻ തനിക്കു നിഷ്പ്രയാസം ലഭിക്കുമായിരുന്ന സമ്മാനം സ്നേഹിതനുവേണ്ടി ഉപേക്ഷിച്ചു. ആ പ്രവൃത്തിയിൽ സ്നേഹത്തിനപ്പുറം ത്യാഗവും പ്രതിഫലിക്കുന്നുണ്ടു്. നമ്മുടെ സുഖസൗകര്യങ്ങളെപ്പോലും അവഗണിച്ചുകൊണ്ടു്, ഇതരക്കു സേവനം ചെയ്യുന്നതിന്റെ പിന്നിൽ ത്യാഗപൂർവ്വമായ സ്നേഹമാണുള്ളതു്. രണ്ടാമതായി ജോയി ജയനെക്കാൾ വളരെ പാവപ്പെട്ട ഒരു കുട്ടിയായിരുന്നു. തങ്ങളെപ്പോലെയോ തങ്ങളെക്കാൾ ഉയന്ന നിലയിലോ ഉള്ള ആളുകളെ

സഹായിക്കാൻ പലപ്പോഴും പലരും മുന്നോട്ടു വരാറുണ്ട്. നമ്മുടെ മാതാപിതാക്കാംക്കും, അദ്ധ്യാപകർക്കും സേവനങ്ങാം ചെയ്യാനും അവരോട് ആദരവു കാണിക്കുവാനും എളുപ്പമാണു്. എന്നാൽ പാവപ്പെട്ടവരെ സ്നേഹിക്കാനും സഹായിക്കാനും കൂടുതൽ ഔദാര്യവും ഹൃദയവിശാലതയും ആവശ്യമത്രെ.

സൈനബയ്ക്കു് ആറു കുട്ടികളുണ്ട്. എങ്കിലും രണ്ടാമത്തെ കുട്ടിയായ മിനിയോടാണു് അവാംക്കു് കൂടുതൽ സ്നേഹവും അനുകമ്പയും. കാരണം മുടന്തിയായ മിനിക്കാണു് അമ്മയുടെ സ്നേഹപരിചരണങ്ങളും അനുകമ്പയും കൂടുതൽ ആവശ്യമുള്ളതു്. ഇങ്ങനെതന്നെ നാമും പാവപ്പെട്ടവരോടും രോഗികളോടും ശാരീരിക വൈകല്യം ഉള്ളവരോടും കൂടുതൽ സ്നേഹവും അനുകമ്പയും പ്രദർശിപ്പിക്കണം. കാരണം നമ്മുടെ സഹതാപത്തിനും അനുകമ്പയ്ക്കും കൂടുതൽ അർഹർ അവരാണു്. ഒരുപക്ഷേ നമ്മെക്കാളധികമായി ഈശ്വരൻെറ സ്നേഹത്തിനു് അവരായിരിക്കും അർഹരാകുന്നതു്.

സാധുക്കളെ എപ്പോഴും പണംകൊണ്ടു സഹായിക്കാൻ സാധിച്ചെന്നു വരില്ല. എങ്കിലും അവരോടു നല്ലവാക്കു പറയാൻ നമുക്കു കഴിയും. പലപ്പോഴും മനുഷ്യനു് പണത്തേക്കാം ആവശ്യം സ്നേഹവും അനുകമ്പയും പ്രോത്സാഹനവും അംഗീകാരവുമാണു്. പണം കിട്ടാനെളുപ്പം. സ്നേഹം കിട്ടാനാണു് പലപ്പോഴും പ്രയാസം.

നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാൻ എളുപ്പമാണു്. എന്നാൽ ശത്രുക്കളെ സ്നേഹിക്കുക വിഷമം. അതിനു കൂടുതൽ ധീരതയും ഹൃദയവിശാലതയും ആവശ്യമത്രേ. സ്നേഹത്തിൻെറ ഏററവും വലിയ പ്രകടനവും ഇതുതന്നെ. കരിശിൽക്കിടന്നു തൻെറ ഘാതകർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് യേശുക്രിസ്തു ഈ സത്യം ലോകത്തിനു കാണിച്ചുകൊടുത്തു.

വളരെയേറെ അസ്വസ്ഥതകാം നിറഞ്ഞ ഒരു ലോകത്തിലാണു് നാമിന്നു ജീവിക്കുന്നതു്. രാഷ്ട്രം രാഷ്ട്രത്തിനെതിരായി, സമുദായം സമുദായത്തിനെതിരായി, വർഗ്ഗം വർഗ്ഗത്തിനെതിരായി പോർവിളി മുഴക്കുന്നു. മനുഷ്യരെല്ലാം ഈശ്വരൻെറ

മക്കളാണെന്നും, ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്നും മന സ്സിലാക്കിയിരുന്നുവെങ്കിൽ ഈ അസ്വാസ്ഥ്യതകളും വിപ്ലവ ങ്ങളും ഉണ്ടാകുമായിരുന്നോ? ഈ അസ്വാസ്ഥ്യ കളെ പഴിക്കുന്നതു കൊണ്ടുമാത്രം പ്രയോജനമില്ല. ഇരുട്ടിനെ പഴിക്കുന്നതിനെ ക്കാൾ ഭേദം ഒരു കൈത്തിരി തെളിച്ചു കാണിക്കുകയല്ലേ? വി ദ്വേഷവും വൈരവും മുററിനിൽക്കുന്നിടത്തു് സ്നേഹത്തിൻെറ സന്ദേശമാണു നാം മുഴക്കേണ്ടതു്.

## ചിന്തിക്കാൻ

1. ജയൻ ജോയിയോടു പ്രകടിപ്പിച്ച സ്നേഹത്തിൻെറ പ്രത്യേകതയെന്തു്?

2. സ്നേഹത്തിൻെറ പാരമ്യം എന്തിലാണടങ്ങിയിരി ക്കുന്നതു്?

3. ആരെല്ലാമാണു് നമ്മുടെ പ്രത്യേക സ്നേഹം അർഹി ക്കുന്നതു്? അതിനുള്ള കാരണമെന്തു്?

4. സാധുക്കൾ പോലും പണത്തെക്കാൾ വിലമതിക്കുന്ന തെന്തു്? എന്തുകൊണ്ടു്?

5. അസ്വാസ്ഥ്യതകളും വിപ്ലവങ്ങളും ഇല്ലാതാകണമെ ങ്കിൽ മനുഷ്യൻെറ ചിന്താഗതിയിൽ എന്തു വ്യതി യാനം ഉണ്ടാകേണ്ടിയിരിക്കുന്നു?

## പ്രവർത്തിക്കാൻ

1. മററുള്ളവരോടു സ്നേഹം പ്രകടിപ്പിക്കുവാൻ നിങ്ങൾക്കു ലഭിക്കുന്ന ചില പ്രധാന സന്ദർഭങ്ങൾ ചൂണ്ടിക്കാ ണിക്കുക. ഇത്തരം അവസരങ്ങൾ നിങ്ങൾ ഉപ യോഗിക്കുന്നതെങ്ങനെ?

2. യാചകനു് ഒരു നാണയത്തുട്ടു് അലക്ഷ്യമായി എറി ഞ്ഞു കൊടുത്താൽ അവനോടുള്ള കടപ്പാടു് അവസാ

നില്ലെന്നാണ് പലരുടേയും ധാരണ. ഈ മനസ്ഥിതിയിലുള്ള തെററ് എന്തു്? ചർച്ച ചെയ്യുക.

3. മനുഷ്യർ സാധാരണയായി പണവും പ്രതാപവും ഉള്ളവരോടു സ്നേഹവും ആദരവും പ്രകടിപ്പിക്കുന്നു; എന്നാൽ പാവപ്പെട്ടവരോടും അംഗവൈകല്യം ഉള്ളവരോടും അവജ്ഞയോടെയാണു പെരുമാറുന്നതു്. ഇക്കാര്യത്തിൽ നിങ്ങളുടെ പ്രവർത്തനം എങ്ങനെയാണു്?

# 4

## ദിവസം ഒരു സൽപ്രവൃത്തി

നല്ലൊരു കളിക്കാരനാണു് ബിജു. വോളീബോൾ മത്സരത്തിനു് പോകാനിറങ്ങിയ ബിജുവിനു് അച്ഛൻ വിജയം നേൻ. ജയിച്ചു വന്നാൽ നല്ലൊരു സമ്മാനം കൊടുക്കാമെന്നു് വാഗ്ദാനവും നൽകി.

വളരെയേറെ പ്രതീക്ഷകളോടെയാണു് അവൻ കളിസ്ഥലത്തേയ്ക്കു് ഓടിയതു്. വഴിയരുകിൽ ഒരു വൃദ്ധൻ അവശനായിക്കിടക്കുന്നതു് അവൻ കണ്ടു. വീടുവരെ എത്തിച്ചേരാൻ തന്നെ ഒന്നു സഹായിക്കണമെന്നു് അയാൾ ബിജുവിനോടപേക്ഷിച്ചു. അവൻ ആ വൃദ്ധനെ സഹായിക്കാൻ മടി കാണിച്ചില്ല. അയാളെ വീട്ടിൽ എത്തിച്ചു മടങ്ങി വന്നപ്പോഴേയ്ക്കും കളി ആരംഭിച്ചു കഴിഞ്ഞിരുന്നു. ക്യാപ്റ്റനായിരുന്ന ബിജുവിനു് മത്സരത്തിൽ പങ്കെടുക്കാൻപോലും സാധിച്ചില്ല. അച്ഛനുണ്ടായേക്കാവുന്ന ഇച്ഛാഭംഗത്തെപ്പററി മാത്രമേ അവനു് ഉൽക്കണ്ഠ തോന്നിയുള്ളു. വിവരമറിഞ്ഞ അച്ഛൻ അവനെ അഭിനന്ദിക്കുകയാണുണ്ടായതു്. നേരത്തെ വാഗ്ദാനം ചെയ്തിരുന്ന സമ്മാനത്തെക്കാൾ വിലയേറിയ ഒന്നു് അവനു നൽകുകയും ചെയ്തു.

മററുള്ളവർക്കു് ഉപകാരം ചെയ്യുന്നതിനു് നമുക്കു ധാരാളം അവസരങ്ങൾ കിട്ടാറുണ്ടു്. പക്ഷേ പലപ്പോഴും നാം അവ കാണാറില്ല. കണ്ടാൽത്തന്നെയും കണ്ടതായി നടിക്കാറുമില്ല. സ്വാർത്ഥതയാണു് ഇതിനു കാരണം. എന്നാൽ അത്തരം സാഹചര്യങ്ങളിൽ ബിജുവിനെപ്പോലെ നിസ്വാർത്ഥമായി പ്രവർത്തി

ക്കണമെങ്കിൽ ഇതരർ നമ്മുടെ സഹോദരരാണെന്ന ബോദ്ധ്യം ഉണ്ടാവണം. അതനുസരിച്ച് പ്രവർത്തിക്കുകയുംവേണം. മററുള്ളവരുടെ ക്ലേശങ്ങളിൽ സഹതപിക്കുന്നതിനു പകരം സന്തോഷിക്കുന്ന ചിലരുണ്ട്. എന്നാൽ ദിവസംതോറും ഓരോ നല്ല കാര്യമെങ്കിലും മററുള്ളവർക്കു ചെയ്തുകൊടുക്കുവാൻ നാം ശ്രമിച്ചിരുന്നുവെങ്കിൽ നമ്മുടെ ജീവിതം എത്ര ധന്യമായേനേ!

ഒററപ്പെട്ട ഒരു ജീവിതമല്ല മനുഷ്യൻ നയിക്കുന്നത്. ഒരു കുടുംബത്തിലെ കാര്യംതന്നെ എടുക്കുക. അച്ഛൻ കുടുംബസംരക്ഷണത്തിനുള്ള മാർഗ്ഗം അന്വേഷിക്കുമ്പോൾ അമ്മ വീട്ടുകാര്യങ്ങൾ നോക്കുന്നു. കുട്ടികളാകട്ടെ എല്ലാ കാര്യങ്ങളിലും അച്ഛനമ്മമാരെ ആശ്രയിക്കുന്നു. കുടുംബത്തിൽ ആക്കെങ്കിലും രോഗമുണ്ടായാൽ മററുള്ളവരെല്ലാം സഹായത്തിനു് ഓടിയെത്തും. സുഖപ്രാപ്തിയിൽ ഏവരും ഒന്നുപോലെ സന്തോഷിക്കും. എന്നാൽ മനുഷ്യമഹാകുടുംബത്തിൽ ഇത്രയും ഗാഢമായ ഒരു ബന്ധം നാം കാണുന്നില്ല. നിർഭാഗ്യവാനായ ഒരു സഹോദരനെ സഹായിക്കാനുള്ള സേവനസന്നദ്ധത പലപ്പോഴും നമുക്കില്ല. ഓരോ വ്യക്തിയും അനുദിനം ഒരു സൽപ്രവൃത്തിയെങ്കിലും ചെയ്തിരുന്നെങ്കിൽ ഈ ലോകം എത്രമേൽ സുന്ദരമാകുമായിരുന്നു!

അപകടത്തിൽപ്പെട്ട കുട്ടിയെ വീട്ടിലെത്താൻ സഹായിക്കുക, കുട നിവർത്താൻ വിഷമിക്കുന്ന ഒരു കൊച്ചുകുട്ടിക്കു കുട നിവർത്തിക്കൊടുക്കുക, കൃഷി നശിപ്പിക്കുന്ന മൃഗത്തെ ഓടിച്ചുകളയുക, വഴിയിൽ വീണു തടസ്സം സൃഷ്ടിക്കുന്ന തടിയോ, കമ്പോ മാററിക്കളയാൻ സഹായിക്കുക എന്നുതുടങ്ങി എത്രയെത്ര നല്ല കാര്യങ്ങൾ നമുക്കു മനസ്സുണ്ടെങ്കിൽ ചെയ്യാൻ കഴിയും. മററുള്ളവർ നമ്മോടു ചെയ്യാൻ ആഗ്രഹിക്കുന്നതു് അവർക്കും ചെയ്തുകൊടുക്കുവാൻ നാം സന്നദ്ധരായിരിക്കണം.

"സഹോദരനാൽ സഹായിക്കപ്പെടുന്ന ഒരുവൻ ബലമേറിയ കോട്ടയെന്നോണം സുരക്ഷിതനാണു്."

## ചിന്തിക്കാൻ

1. ബിജ്ജുവിനു കളിയിൽ ജയിച്ചുവരുമ്പോഠം കൊടുക്കാമെന്നു് വാഗ്ദാനം ചെയ്തതിലും വലിയ സമ്മാനമാണു് അച്ഛൻ കൊടുത്തതു്. കാരണമെന്തു്?

2. മററുള്ളവരുടെ വിഷമങ്ങളിൽ സഹതപിക്കണമെങ്കിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവമെന്തു്?

## പ്രവർത്തിക്കാൻ

1. മററുള്ളവരുടെ ക്ലേശങ്ങളിൽ അവരെ സഹായിക്കാൻ പ്രായോഗികമായി നിങ്ങഠം എന്തു ചെയ്യുന്നു?
2. വലിയ ബുദ്ധിമുട്ടുകൂടാതെതന്നെ ഇതരരെ സഹായിക്കാൻ നിങ്ങഠംക്കു സാധിക്കുന്ന അവസരങ്ങഠം ഏവ?

3. അന്യരുടെ ആവശ്യങ്ങഠം ഗ്രഹിക്കാനുള്ള ഉഠംക്കാഴ്ചയും അവരെ സഹായിക്കാനുള്ള സന്നദ്ധതയും നിങ്ങഠം എങ്ങനെ വളർത്തിയെടുക്കും?

# 5

## ആരെയും ദ്രോഹിക്കരുത്

രാജുവും, ഷാജിയും ഉററ ചങ്ങാതിമാരാണ്. പഠനത്തിൽ ബഹുസമത്ഥരുമാണ്. രാജുവിനു് ന്യൂമോണിയ പിടിപെട്ടതുകൊണ്ടു് കുറെ നാറം ക്ലാസ്സിൽ ഹാജരാകുവാൻ സാധിച്ചില്ല. തന്മൂലം അവൻ പഠനത്തിൽ പിന്നോക്കമായി. അടുത്ത പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഷാജിയോടു് രാജുവിനു് അല്പം അസൂയ തോന്നി. അതു ക്രമേണ വളൻ് വിദ്വേഷമായി മാറി. ഷാജിയോടു് പകവീട്ടുന്നതിനുള്ള അവസരം അവൻ കാത്തിരുന്നു. എങ്കിലും പുറമെ ചങ്ങാത്തം നടിക്കുകയും ചെയ്തു.

ഒരു ദിവസം അവർ ഒരുമിച്ചു് ഒരു കടത്തു കടക്കുകയായിരുന്നു. വഞ്ചി ഒഴുക്കിൽപ്പെട്ടു മറിഞ്ഞു. നീന്തൽ വിദഗ്ദ്ധനായിരുന്ന രാജു അതിവേഗം നീന്തി രക്ഷപ്പെട്ടു. ഷാജിക്കു് നീന്തൽ പരിചയമില്ലായിരുന്നു. അവൻ രാജുവിന്റെ നേരെ കൈനീട്ടി. രാജു അതു കണ്ടെങ്കിലും അവനെ രക്ഷിക്കാൻ ശ്രമിച്ചില്ല. ഒഴുക്കിൽപ്പെട്ട ഷാജിയുടെ തല ഒരു കുററിയിൽ ചെന്നടിച്ചു കഠിനമായ പരിക്കേററു. ആ വഴി കടന്നു പോയ ഒരപരിചിതൻ ഷാജിയെ വെള്ളത്തിൽ നിന്നും കയററി ആസ്പത്രിയിലാക്കി. ഷാജിയുടെ നില അപകടകരമാണെന്നു് ഡോക്ടർ വിധിച്ചു. ഇതു കേട്ടപ്പോറം രാജുവിനു് കുററബോധമുണ്ടായി. അവന്റെ മന:പൂവ്വമായ അവഗണനയാണ് ഷാജിയെ ഈ നിലയിൽ എത്തിച്ചതെന്ന ചിന്ത രാജുവിനെ അലട്ടി. അവൻ ആസ്പത്രിയിലെത്തി സ്നേഹിതനോടു് മാപ്പു ചോദിച്ചു.

രാജ്യ ദ്രോഹിയായി തീർന്നില്ലെങ്കിലും, ഷാജി നേരിട്ട് ദ്രോഹപ്രവൃത്തികളൊന്നും ചെയ്തില്ല എന്നതു ശരിതന്നെ. പക്ഷേ, അവൻെറ മനഃപൂർവ്വമായ അവഗണന, എത്രമാത്രം ദ്രോഹകരമായിരുന്നു! അത് ഷാജിയെ വലിയ ഒരപകടത്തിലാണ് കൊണ്ടുചെന്നെത്തിച്ചത്!

ചില കുട്ടികൾ മനഃപൂർവ്വമല്ലെങ്കിലും ചില്ലറ ദ്രോഹപ്രവൃത്തികൾ ചെയ്യുന്നതിൽ ആനന്ദിക്കുന്നവരാണ്. കിണററിലും കുളത്തിലും കാണുന്ന തവളകളെ എറിയുക, വഴിയിൽ കാണുന്ന മൃഗങ്ങളെ ഉപദ്രവിക്കുക, പക്ഷികളുടെ കൂടും മുട്ടയും നശിപ്പിക്കുക, പക്ഷികളേയും പൂമ്പാററകളേയും പിടിച്ചു കൊന്നു കളയുക, തുടങ്ങിയവയിൽ ഇവർ സന്തോഷം കാണുന്നു. അവർ ഇങ്ങനെ ചെയ്യുന്നത് വെറും വിനോദത്തിനു വേണ്ടിയാണ്. ഭ്രാന്തന്മാരെയും മററും പൂച്ചിക്കുന്നതിലും കൂക്കിവിളിക്കുന്നതിലും, ക്ലാസ്സിൽ പിന്നോക്കം നിൽക്കുന്നവരെയും സ്വഭാവത്തിൽ ചില പ്രത്യേകതയുള്ളവരെയും കളിയാക്കുന്നതിലും ചിലർക്കു കൗതുകമുണ്ട്. ഇവരെല്ലാം മററുള്ളവരെ ഓരോ തരത്തിൽ ദ്രോഹിക്കുകയാണു ചെയ്യുന്നത്.

കൊല, കളവ്, കവർച്ച, തുടങ്ങി എത്ര വലിയ ദ്രോഹകൃത്യങ്ങളാണ് ഇന്നു ലോകത്തിൽ നടക്കുന്നത്. ചെറിയ തോതിലുള്ള ദ്രോഹകൃത്യങ്ങൾ നടത്തി തഴക്കം സമ്പാദിക്കുന്നവരാണ് പിൽക്കാലത്ത് കൊലപാതകികളും കള്ളന്മാരും കവർച്ചക്കാരുമായിത്തീരുന്നത്. ഒരു വലിയ കൊള്ളസംഘത്തിൻെറ നേതാവായിരുന്ന മധോസിംഗ് പിന്നീട് പശ്ചാത്തപിച്ച് തൻെറ തെററുകൾ ലോകസമക്ഷം വെളിപ്പെടുത്തുകയുണ്ടായി. ഒരു ബാലനായിരുന്നപ്പോൾ മററുള്ളവർ മോഷ്ടിക്കുന്നതു കണ്ടും ക്രമേണ അവരോടൊത്ത് ചില്ലറ മോഷണങ്ങൾ നടത്തിയുമാണ് താൻ അത്രവലിയ അക്രമിയായിത്തീർന്നതെന്ന് അയാൾ വ്യക്തമാക്കി.

ആരേയും ദ്രോഹിക്കരുത് എന്നതാണ് ശ്രീ ബുദ്ധൻെറ അഹിംസാസിദ്ധാന്തത്തിൻെറ സാരാംശം. ഇതിൽനിന്നും ഒരു പടികൂടി കടന്ന് മററുള്ളവരെ ദ്രോഹിക്കരുതെന്നു മാത്രമല്ല, നമ്മെ ദ്രോഹിക്കുന്നവർക്കുപോലും, കഴിയുന്നത്ര സേവനമർപ്പിക്കണമെന്ന് യേശുക്രിസ്തു ഉപദേശിച്ചു. ഈ ഉപദേശങ്ങളുടെ

വെളിച്ചത്തിലാണ് ഗാന്ധിജി തൻെറ സത്യാഗ്രഹസമരം കരുപ്പിടിപ്പിച്ചതു്. നമ്മുടെ ശരീരവും, ജീവനും ഈശ്വരൻെറ ദാനങ്ങളാണ്. അവയിൽ കൈവശ്യവാനോ, അവയെ നശിപ്പിക്കുവാനോ നമുക്കവകാശമില്ല. ദൈവത്തിൻെറ വിശിഷ്ടദാനമാണ് ജീവൻ. അതു നശിപ്പിക്കുക എത്രയോ ക്രൂരമായ അനീതിയാണ്. തന്മൂലം മററുള്ളവരുടെ ശരീരത്തെയും ജീവനെയും നാം മാനിക്കണം.

മററുള്ളവരെ ഉപദ്രവിക്കാൻ ഒരു നിമിഷം മതി. പക്ഷേ, അതു പരിഹരിക്കണമെങ്കിൽ മാസങ്ങളും, വർഷങ്ങളുംതന്നെ വേണ്ടിവരും. ആയുഷ്ക്കാലം മുഴുവൻ ശ്രമിച്ചാലും ചിലപ്പോൾ സാധിച്ചില്ലെന്നും വരാം.

നാം ഒരാളെ ഏൽപ്പിക്കുന്ന ദ്രോഹത്തിൻെറ ദുരന്തഫലം അയാൾ മാത്രമല്ല അയാളെ ആശ്രയിച്ചു കഴിയുന്ന എത്രയോ പേരാണ് അനുഭവിക്കേണ്ടിവരുന്നതു്!

"ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻ ഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും."

(മഹാഭാരതം)

## ചിന്തിക്കാൻ

1. രാജുവിൻെറ കുററംകൊണ്ടല്ല ഷാജി വെള്ളത്തിൽ വീണതു്. പിന്നെന്തിനാണ് അവൻ ഷാജിയോടു മാപ്പു ചോദിച്ചതു്?

2. മധോസിംഗ് കൊള്ളസംഘത്തിൻെറ നേതാവാകാൻ അടിസ്ഥാനമായിത്തീർന്നതെന്തു്?

3. തൻെറ ജീവൻ യഥേഷ്ടം കൈകാര്യം ചെയ്യാമെന്നു കരുതുന്ന ഒരുവൻെറ ചിന്താഗതിയിലുള്ള തെററെന്തു്?

4. ഒരാൾ ചെയ്യുന്ന ദുഷ്പ്രവൃത്തിയുടെ ഫലം മററുപലരെയും ബാധിക്കുന്നു. കാരണമെന്തു്?

## പ്രവർത്തിക്കാൻ

1. സ്വന്തം സഹോദരങ്ങളുടെ വിജയത്തിൽപ്പോലും ചിലർ അസൂയപ്പെടുകയും അവരെ ഉപദ്രവിക്കുകയും ചെയ്യാറുണ്ട്. ഇക്കാര്യത്തിൽ നിങ്ങളുടെ പ്രവർത്തന രീതിയെന്ത്?

2. മാതാപിതാക്കന്മാരും അദ്ധ്യാപകരും ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ ചിലർ പ്രതികാരത്തിനൊരുങ്ങും. ഇത്തരം സാഹചര്യങ്ങളിൽ നിങ്ങളുടെ പ്രതികരണമെങ്ങനെ?

3. വെറും വിനോദത്തിനുവേണ്ടി ചിലപ്പോൾ കുട്ടികൾ പക്ഷിമൃഗാദികളെ ഉപദ്രവിക്കാറുണ്ട്. അതിലുള്ള തെററെന്താണ്?

# 6

## 'ഞാൻ ഉദാരനായിരിക്കും'

ടാഗോറിൻെറ ഗീതാഞ്ജലിയിൽ രസകരമായ ഒരു കഥയുണ്ട്. ഒരു യാചകൻ വീടുതോറും പിച്ചയിരന്നു നടക്കവേ അങ്ങകലെനിന്നും ഒരു സ്വർണ്ണരഥം വരുന്നതു് അവൻ കണ്ടു. രാജാവിൻെറ വരവാണതെന്നു് അവനു മനസ്സിലായി. തൻെറ കഷ്ടകാലം അവസാനിച്ചെന്നു് അവൻ കരുതി. രഥം അടുത്തെത്തി. അദ്ദേഹം താഴെയിറങ്ങി, മന്ദസ്മിതത്തോടെ യാചകനെ സമീപിച്ചു. ജീവിത ഭാഗ്യം കൈവന്നതായി അയാൾക്കു തോന്നി. രാജാവാകട്ടെ കൈകൾ നീട്ടിക്കൊണ്ടു് അയാളോടു ചോദിക്കയാണു്, ''എനിക്കുതരാൻ നിൻെറ പക്കലെന്തുണ്ടു്?'' അവൻെറ ഹൃദയം പരിഭ്രമംകൊണ്ടുനിറഞ്ഞു. ആചോദ്യത്തിൻെറ അർത്ഥം മനസ്സിലാകാതെ അവൻ കുഴങ്ങി. എന്തൊരു രാജകീയ വിനോദം! അയാൾ അത്ഭുതപ്പെട്ടു. സാവധാനം അയാൾ സഞ്ചിയഴിച്ചു് ഏററം ചെറിയ ഒരു മണി ധാന്യമെടുത്തു് രാജാവിൻെറ കൈകളിൽ അർപ്പിച്ചു.

വൈകുന്നേരം സഞ്ചിയിലുണ്ടായിരുന്ന ധാന്യം മുഴുവൻ അവൻ നിലത്തു കുടഞ്ഞിട്ടു. അത്ഭുതമെന്നേ പറയേണ്ടു, അതാ അക്കൂട്ടത്തിൽ ഒരു ചെറിയ സ്വർണ്ണ ധാന്യമണി! അപ്പോൾ തൻെറ വിഡ്ഢിത്തമോർത്തു് ആ യാചകൻ കരൾ നൊന്തു കരഞ്ഞു. തൻെറ സഞ്ചിയിലെ ധാന്യം മുഴുവൻ രാജാവിനു നൽകിയിരുന്നെങ്കിൽ, അത്രയും സ്വർണ്ണധാന്യം തനിക്കു് കിട്ടുമായിരുന്നല്ലോ എന്നു് അയാൾ ഓർത്തു. തൻെറ പിശുക്കിലും ഔദാര്യക്കുറവിലും അയാൾ ദുഃഖിതനായി.

യാചകൻെറ നെന്മണി പൊന്മണിയായതുപോലെ, ഔദാര്യപൂർവ്വം നാം ചെയ്യുന്ന ഓരോ സേവനത്തിനും പതിന്മ ടങ്ങു പ്രതിഫലം ലഭിക്കും. നമുക്കു എത്രമാത്രം ലഭിക്കണ മെന്നു നാം ആഗ്രഹിക്കുന്നുവോ, അതിലധികം കൊടുക്കാൻ നാം പരിശീലിക്കേണ്ടതാണു്.

ലോകത്തിൽ രണ്ടുതരം ആളുകളുണ്ടു്, സ്വാർത്ഥതല്പരരും ഉദാരരും. ആദ്യത്തെ കൂട്ടർ എപ്പോഴും തൻകാര്യം മാത്രം നോക്കുന്നു. മററുള്ളവർ എങ്ങനെയും ജീവിച്ചുകൊള്ളട്ടെ; അതവർക്കു പ്രശ്നമല്ല. നല്ല ഭക്ഷണം, സുഖസൗകര്യങ്ങൾ, എവിടെയും പ്രഥമസ്ഥാനം, സ്വന്തം അവകാശങ്ങൾ ഇവയെല്ലാമാണു് ഇക്കൂട്ടർ മുൻഗണന നൽകുന്നതു്. അപരൻ അർഹിക്കുന്ന സ്നേഹ മോ, സഹായമോ ആശ്വാസമോ അംഗീകാരമോ അവർ കൊടു ക്കാറില്ല. മററുള്ളവരുമായി തങ്ങളുടെ കളിപ്പാട്ടങ്ങളും മററും പങ്കുവെയ്ക്കാൻ ഇഷ്ടപ്പെടാത്ത കുട്ടികളില്ലേ? അവർ സ്വാർത്ഥമതി കളായതുകൊണ്ടാണു് അങ്ങനെ ചെയ്യുന്നതു്.

ഔദാര്യമുള്ളവരാകട്ടെ സ്വന്തം ആവശ്യങ്ങളും സുഖസൗ കര്യങ്ങളും വിസ്മരിച്ചിട്ടുപോലും മററുള്ളവരെ സഹായിക്കാൻ സന്നദ്ധരായിരിക്കും. കുഞ്ഞുമകനു് അസുഖമായാൽ പിന്നെ അമ്മയ്ക്കു് ഊണും ഉറക്കവുമുണ്ടോ? എത്രമാത്രം ക്ലേശപൂർണ്ണവും ഔ ദാര്യം നിറഞ്ഞതുമായ ശുശ്രൂഷയാണു് അമ്മ കുഞ്ഞുങ്ങൾക്കു് നൽകുന്നതു്.

ശരിയായ ശിക്ഷണം ലഭിച്ച ഒരു കുട്ടി വളർന്നു വരുന്ന തോടെ സ്വാർത്ഥതയുടെ വേലിക്കെട്ടിൽനിന്നും സ്വതന്ത്രനാ കുന്നു. മററുള്ളവർക്കുവേണ്ടി ജീവിക്കുവാൻ അവൻ പഠിക്കുന്നു. തന്നെപ്പോലെതന്നെ അന്യർക്കും ആവശ്യങ്ങളും അവകാശങ്ങളുമു ണ്ടെന്നു് അവൻ മനസ്സിലാക്കുന്നു. അതോടെ അവൻെറ ഹൃദയം ഉദാരമായിത്തീരും. അന്യരുടെ ആവശ്യങ്ങളിൽ സഹായി ക്കാനും, ദുഃഖത്തിൽ ആശ്വാസം പകരാനും അവൻ സന്നദ്ധ നാകും. മററുള്ളവർക്കുവേണ്ടി സ്വജീവൻപോലും അർപ്പിക്കത്തക്ക വിധം വീരോചിതമായ ഔദാര്യബുദ്ധി അവൻ പ്രദർശി പ്പിച്ചുവെന്നും വരാം! കുക്രി എന്ന യുദ്ധക്കപ്പൽ പാക്കിസ്ഥാനി കളുടെ ടോർപ്പിഡോ മൂലം തകർന്നപ്പോൾ കമാൻഡിംഗ്

ഓഫീസറായിരുന്ന ക്യാപ്ററൻ മുള്ള സഹപ്രവർത്തകരെ രക്ഷപ്പെടുത്തുന്ന ജോലിയിൽ വ്യാപൃതനായി. സ്വയം രക്ഷപ്പെടുവാൻ അദ്ദേഹത്തിനു് എല്ലാസാദ്ധ്യതകളുമുണ്ടായിരുന്നു. പക്ഷേ, ജീവൻപോലും ബലികഴിച്ച് സഹപ്രവത്തകരുടെ ജീവൻ രക്ഷിക്കാനാണു് അദ്ദേഹം ശ്രമിച്ചതു്.

ഔദാര്യബുദ്ധിയുടെ പിന്നിൽ ഒരു വലിയ സത്യം ഒളിഞ്ഞു കിടക്കുന്നുണ്ടു്. നാമെല്ലാവരും ദൈവപിതാവിൻെറ മക്കളും മനുഷ്യമഹാകുടുംബത്തിലെ അംഗങ്ങളുമാണെന്നതാണു് ആ സത്യം. ഈ സത്യം ശരിക്കു മനസ്സിലുറച്ചാലേ, സ്വാത്ഥതവെടിഞ്ഞു് ഔദാര്യം കാണിക്കാൻ നമുക്കു കഴിയൂ.

"ഉദാരമനസ്കൻ സമൃദ്ധിനേടും, ആശ്വസിപ്പിക്കുന്നവൻ ആശ്വസിപ്പിക്കപ്പെടും."

## ചിന്തിക്കാൻ

1. സഞ്ചിയിലുണ്ടായിരുന്ന ധാന്യം മുഴുവൻ രാജാവിനു നല്കാഞ്ഞതിൽ യാചകൻ പശ്ചാത്തപിച്ചു. കാരണമെന്തു്?
2. സ്വജീവൻ ബലിയർപ്പിക്കാൻ ക്യാപ്ററൻ മുള്ളയെ പ്രേരിപ്പിച്ചതെന്തു്?

## പ്രവത്തിക്കാൻ

1. മററുള്ളവരുടെ നന്മയെ ലാക്കാക്കി ഔദാര്യപൂവ്വം പ്രവത്തിക്കാനുള്ള കഴിവു് മനുഷ്യർക്കു മാത്രമുള്ള ഒരു പ്രത്യേകതയാണു്. എങ്കിലും പലരും അതു വളത്തിയെടുക്കാറില്ല. ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായമെന്തു്?
2. ഔദാര്യംമൂലം നന്മ കൈവരുന്നു എന്നു് തെളിയിക്കുന്ന ഒരു സംഭവം വിവരിക്കുക
3. "സ്വാത്ഥത മനുഷ്യനെ മൃഗതുല്യനാക്കുന്നു." ചർച്ച ചെയ്യുക.

7

# ഞാൻ വിനയമുള്ളവനായിരിക്കും

ശാസ്ത്രത്തിൽ ഉന്നതബിരുദം നേടിയ, ചുറുചുറുക്കുള്ള ചെറുപ്പക്കാരനാണ് പിയർ. കുതിച്ചുപായുന്ന തീവണ്ടിയുടെ ജാലകത്തിലൂടെ പുറത്തേയ്ക്കു നോക്കി കാഴ്ചകൾ കണ്ടും കാര്യങ്ങൾ ഗ്രഹിച്ചും അയാൾ സമയം ചെലവഴിച്ചു. എതിർവശത്തു് ചിന്താമഗ്നനായിരുന്ന ഒരു വൃദ്ധൻ പിയറിന്റെ ശ്രദ്ധയിൽപ്പെട്ടു. ചുറ്റുമുള്ള ലോകത്തിൽ യാതൊരു താല്പര്യവുമില്ലാതെ, പ്രാപഞ്ചിക വസ്തുക്കളിൽ നിന്നെല്ലാം മോചനം പ്രാപിച്ച ഒരു യോഗിയായിരിക്കും ഈ വൃദ്ധനെന്ന് പിയർ വിചാരിച്ചു.

''പ്രാർത്ഥിക്കുകയായിരിക്കും, ഇല്ലേ?'' പിയർ പുച്ഛരസത്തിൽ ചോദിച്ചു. വൃദ്ധൻ തലകുലുക്കി. ''ആധുനിക ശാസ്ത്രത്തിലും കണ്ടുപിടുത്തങ്ങളിലുമൊന്നും താല്പര്യമില്ലെന്നു തോന്നുന്നല്ലോ''? പിയർ അലസഭാവത്തിൽ തട്ടിവിട്ടു. ''അങ്ങനെ തോന്നാൻ കാരണം?'' വൃദ്ധൻ ആരാഞ്ഞു. ''ആധുനിക ശാസ്ത്രജ്ഞന്മാർ പ്രാർത്ഥനയെന്ന ആശയം തന്നെ ഉപേക്ഷിച്ചിരിക്കയാണ്. കാരണം, ദൈവമില്ലെന്നുവരെ അവർ തെളിയിച്ചു കഴിഞ്ഞു''. പിയർ വിശദീകരണം നൽകി. ''ഇതു രസകരമായിത്തോന്നുന്നല്ലോ. ''ആധുനിക ശാസ്ത്രത്തെപ്പറ്റി കുറെക്കൂടി പറഞ്ഞു തരാമോ? '' വൃദ്ധൻ അപേക്ഷിച്ചു.

സയൻസിൽ ഉന്നതബിരുദം സമ്പാദിച്ചതിനുശേഷം, പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപരിപഠനം നടത്താൻ പോകുന്ന പിയറിനു് കൂടുതൽ വിശദീകരണം നൽകാൻ സമയവും സൗക

ര്യവുമുണ്ടായിരുന്നില്ല. അതുകൊണ്ടു സൗകര്യംപോലെ വന്നു കണ്ടുകൊള്ളാം എന്ന വ്യവസ്ഥയിൽ വൃദ്ധൻെറ അന്ദ്രസ് അയാളം ആവശ്യപ്പെട്ടു. അദ്ദേഹം തൻെറ വിസിററിംഗ് കാർഡ് യുവാവിൻെറ കയ്യിൽ കൊടുത്തു.

ലൂയി പാസ്ചർ

ഡയറക്ടർ

പാസ്ച്ചർ ഇൻസ്റ്റിററ്യൂട്ട്

ഇതു വായിച്ചപ്പോ**ാം** യുവാവു ലജ്ജിച്ചു തലതാഴ്ത്തി. യഥാൎത്ഥ വിനയം എന്താണെന്നു ലൂയിപാസ്ചറിൽനിന്നും ആ യുവാവു പഠിച്ചു.

സുപ്രസിദ്ധ ചിത്രകാരനായ മൈക്കിൾആഞ്ചലോ മരണക്കിടക്കയിൽ വച്ചു പറയുകയുണ്ടായി, ചിത്രകലയെപ്പററി അല്പംമാത്രം പഠിക്കാനേ തനിക്കു കഴിഞ്ഞിട്ടുള്ളു എന്നു്. ഒരു വലിയ താത്വികൻ പലപ്പോഴും പറയുമായിരുന്നു: ''എനിക്കൊന്നും അറിഞ്ഞുകൂടെന്നുമാത്രം എനിക്കറിയാം.'' മഹാന്മാർ എന്നും വിനയമുള്ളവരായിരുന്നു.

ചിലർ ദരിദ്രസാഹചര്യങ്ങളിലാണ് കഴിയുന്നതെങ്കിലും വിലയേറിയ വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞു ദാരിദ്ര്യത്തെ മറയ്ക്കാൻ ശ്രമിക്കും. സമ്പന്നരായ ബന്ധുജനങ്ങളെ അസൂയയോടെ വീക്ഷിക്കും. ചില കുട്ടികൾക്കു് തങ്ങളെക്കാൾ മാർക്കു് കിട്ടുന്നവരോടു വലിയ വെറുപ്പാണ്. ചിലർ കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതു സമ്പത്തും സൗന്ദര്യവും മുൻനിറുത്തിയായിരിക്കും. ഇതിൻെറയെല്ലാം പിന്നിൽ മറഞ്ഞിരിക്കുന്നതു് അഹങ്കാരമാണെന്നു പലപ്പോഴും അവർ മനസ്സിലാക്കുന്നില്ല.

മററുള്ളവരെല്ലാം നമ്മെക്കാൾ ഉയൎന്നവരാണെന്നു വിചാരിച്ചാൽ നമുക്കു ധാരാളം സ്നേഹിതരുണ്ടാകും. നാം മററുള്ളവരെക്കാൾ ഉയൎന്നവരെന്നു വിചാരിച്ചാൽ അവരെല്ലാം നമ്മുടെ ശത്രുക്കളാകും.

വിനയം ബഹുമാനത്തിൻെറ മുന്നോടിയാണ്. മററുള്ളവരുടെ പരുഷവാക്കുകളും, പരിഹാസങ്ങളും ശാന്തമായി സഹിക്കാനുള്ള ധീരത വിനയമുള്ളവക്കുണ്ട്. ''സത്യാന്വേഷകൻ മണൽത്തരിയെക്കാൾ വിനീതനാണ്''. (ഗാന്ധിജി)

വിനയം സത്യമാണ്. നമുക്കുള്ള കഴിവ് നിഷേധിക്കുന്നതല്ല വിനയം. അവരവരുടെ കഴിവുകൾ, പരിമിതികൾ, പോരായ്മകൾ ഇവ മനസ്സിലാക്കി അതനുസരിച്ച് പ്രവത്തിക്കുന്നതാണ് ശരിയായ വിനയം. വിനയമുള്ളവനെ എല്ലാവരും ഇഷ്ടപ്പെടുന്നു. മറിച്ച് അഹംഭാവി എല്ലാവരുടെയും വെറുപ്പിന് വിഷയമാകും. കാരണം, താൻ മററെല്ലാവരെയുംകാൾ മിടുക്കനാണെന്ന് അയാൾ നടിക്കുന്നു. തൽഫലമായി പലപ്പോഴും മററുള്ളവരെ അവഗണിക്കുകയും ചെയ്യും.

''സ്വയം താഴ്ത്തുന്നവൻ ഉയത്തപ്പെടും; സ്വയം ഉയത്തുന്നവൻ താഴ്ത്തപ്പെടും.'' (ബൈബിൾ)

## ചിന്തിക്കാൻ

1, അഹങ്കാരിയായ പിയർ വിനയമെന്തെന്നു പഠിച്ചതെങ്ങനെ?

2. മഹാന്മാർ കൂടുതൽ കൂടുതൽ അറിവ് നേടുന്നതോടൊപ്പം തങ്ങളുടെ അറിവ് വളരെ പരിമിതമാണെന്നു മനസ്സിലാക്കുന്നു. അപ്രകാരം ചിന്തിക്കാൻ അവരെ പ്രേരിപ്പിക്കുന്നതെന്ത്?

3. വിനയമുള്ളവരെ മററുള്ളവർ ബഹുമാനിക്കുന്നു, അഹങ്കാരികളെ വെറുക്കുന്നു. കാരണം വിശദമാക്കുക

4. ശരിയായ വിനയം എന്ത്? തങ്ങൾക്കുള്ള കഴിവ് നിഷേധിക്കുന്നത് വിനയമാകുമോ?

5. ''സത്യാന്വേഷകൻ മണൽത്തരിയെക്കാൾ വിനീതനാണ്'' എന്ന മഹാത്മജിയുടെ പ്രസ്താവനയുടെ അത്ഥം വിശദമാക്കുക.

## പ്രവത്തിക്കാൻ

1. മററുള്ളവർ മുഖസ്തുതി പറയുന്നതു കേരംക്കാൻ സന്തോഷമുണ്ടു്; പക്ഷേ ഉള്ള ന്യൂനതകരം ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ പലരും കോപിക്കും. ഇക്കാര്യത്തിൽ നിങ്ങളുടെ വത്തനാരീതി പരിശോധിക്കുക.

2. അല്പം ഒന്നു പ്രശംസിച്ചാൽ മതി ചിലരെക്കൊണ്ടു് എന്തും ചെയ്യിക്കാം. കാര്യം കാണാനായി ഈ വിദ്യ നിങ്ങരം വല്ലപ്പോഴും പ്രയോഗിക്കാറുണ്ടോ? ഈ മാർഗ്ഗം ഉപയോഗിച്ച മററുള്ളവർ നിങ്ങളെക്കൊണ്ടു മുതലെടുക്കാൻ സമ്മതിച്ചിട്ടുണ്ടോ?.

# 8

## ക്ഷമാശീലം

ആശുപത്രിയിൽ അടുത്തടുത്തുള്ള കിടക്കകളിലാണു് രാജനും മോഹനും. ഒരു കാറപകടത്തിൽപ്പെട്ടു് ഇരുവൎക്കും നട്ടെല്ലിനു സാരമായ ഇളക്കം തട്ടി. രണ്ടാഴ്ചത്തെ പരിപൂൎണ്ണ വിശ്രമം ഡോക്ടർ നിൎദ്ദേശിച്ചു. ചരിയുകയോ മറിയുകയോ ചെയ്യാതെ നിവൎന്നു കിടക്കണം. രാജൻ പ്രകൃത്യാ അക്ഷമനാണു്. ഡോക്ടരുടെ നിൎദ്ദേശം അവനു തീരെ രസിച്ചില്ല. അവൻ പലപ്പോഴും തിരിയുകയും മറിയുകയും ചെയ്തുകൊണ്ടിരുന്നു. മോഹനാകട്ടെ ക്ഷമാപൂൎവ്വം ഡോക്ടരുടെ നിൎദ്ദേശം അക്ഷരശഃ പാലിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവൻ സസുഖം വീട്ടിലേയ്ക്കു തിരിച്ചു. രാജനു് രണ്ടാഴ്ചകൂടി ആശുപത്രിയിൽ ചെലവഴിക്കേണ്ടി വന്നു.

സുഖക്കേടുകൾ നമ്മെ അലട്ടുമ്പോൾ അക്ഷമരാകുന്നതുകൊണ്ടു പ്രയോജനമില്ല ക്ഷമാപൂൎവ്വം സഹിച്ചില്ലെങ്കിൽ രാജനെപ്പോലെ കൂടുതൽ ക്ലേശിക്കേണ്ടി വരും.

ഉൽക്കണ്ഠയും നിരാശയും കീഴ്പ്പെടാതെ പ്രയാസങ്ങൾ ധൈര്യപൂൎവ്വം ശാന്തമായി നേരിടുന്നതിനു ക്ഷമ അത്യന്താപേക്ഷിതമാണു്. ക്ലേശങ്ങളും പരാജയങ്ങളും നമ്മെ അലട്ടുമ്പോൾ അസ്വസ്ഥരാകുന്നതുകൊണ്ടു പ്രയോജനമില്ല. ഉൽക്കണ്ഠ നമ്മെ സഹായിക്കയില്ല. ക്ഷമാപൂൎവ്വം അവയെ അഭിമുഖീകരിക്കയാണു് അഭിലഷണീയം.

പരാജയങ്ങളുണ്ടാകുമ്പോൾ ദൈവത്തെയും മററുള്ളവരെയും പഴിക്കുന്നതുകൊണ്ടു പ്രയോജനമെന്തു്? പലപ്പോഴും പരാജയങ്ങളുണ്ടാകുന്നതു് നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടും ഉദാസീനതകൊണ്ടുമാണു്. പാഠങ്ങൾ ശരിയായി പഠിക്കാതെ

തോററുപോയതിനു കോപിക്കുന്നതും അദ്ധ്യാപകരെ പഴിക്കു ന്നതും ബുദ്ധിശൂന്യമല്ലേ?

കോപകലുഷിതമായ പ്രവൎത്തനരീതിമൂലം മററുള്ളവർ നമ്മിൽനിന്നും കൂടുതലകലുക മാത്രമാണു ചെയ്യുന്നതു്. സൗമ്യ വും ശാന്തവുമായ സമീപനവും സ്നേഹമസൃണമായ പ്രോത്സാഹ നവുംവഴി ശത്രുക്കളിൽപോലും ഹൃദയപരിവൎത്തനം വരുത്താൻ കഴിയും. ഗാന്ധിജിയുടെ ജീവിതവിജയത്തിൻെറ അടിസ്ഥാ നമിതായിരുന്നു. "ക്ഷമാശീലൻ യുദ്ധവീരനേക്കാളും, ആത്മ സംയമനം നേടിയവൻ നഗരം പിടിച്ചടക്കുന്നവനെക്കാളും ശ്രേഷ്ഠനാണു്."

ക്ഷമാപൂൎവ്വമായ പ്രവൎത്തനമാണു് ജീവിതവിജയത്തി നു് അടിസ്ഥാനം. ആൻറണി ഓഫ് ലേവൻ ഹുക്കു് ഒരു തുണിവ്യാപാരിയായിരുന്നു. അദ്ദേഹത്തിൻെറ ക്ഷമാപൂൎവ്വ മായ പരിശ്രമത്തിൻെറ ഫലമായിട്ടാണു് ബാക്ടീരിയ കണ്ടു പിടിച്ചതു്. ഊണും ഉറക്കവുമില്ലാതെ, ഗ്ലാസ്സുരച്ചു മൈക്രോ സ്കോപ്പുകരം ഉണ്ടാക്കുന്നതിലും പരീക്ഷണനിരീക്ഷണങ്ങരം നടത്തുന്നതിലും പ്രദശിപ്പിച്ച ക്ഷമയാണു് അദ്ദേഹത്തിൻെറ വിജയരഹസ്യം.

ഏതു നിസ്സാരകാര്യത്തിനും പൊട്ടിത്തെറിക്കുന്ന പ്രകൃതി നന്നല്ല. സ്വയം നിയന്ത്രിക്കാൻ കഴിയണം. ആത്മ നിയന്ത്രണമില്ലാതെ പ്രവൎത്തിച്ചാൽ മററുള്ളവർ നമ്മെ വെറുക്കും. നമ്മുടെ സൽപ്പേരും നഷ്ടപ്പെടും. നമ്മുടെ ആഗ്രഹ ങ്ങരംക്കു വിരുദ്ധമായി കാര്യങ്ങരം നീങ്ങുമ്പോരം പിറുപിറുത്തും പരാതിപ്പെട്ടും അക്ഷമരായി സമയം പാഴാക്കുന്നതു നിഷ്ഫ ലമാണു്. കാര്യങ്ങരം നേരെയാക്കാൻ എന്തെങ്കിലും പ്രവൎത്തി ക്കുന്നതാണു് ഉത്തമം. കുറെ നൂൽ കെട്ടുപിണഞ്ഞു എന്നിരി ക്കട്ടെ. അക്ഷമരായി അങ്ങുമിങ്ങും പിടിച്ചു വലിച്ചാൽ കെട്ടു കരം ഒന്നിനൊന്നു മുറുകുകയേയുള്ളു. എന്നാൽ ക്ഷമാപൂൎവ്വം പ്രവൎത്തിച്ചാൽ കുരുക്കു മാററിയെടുക്കാം.

തൻെറ ചുററുപാടുകളെ ശരിയായി വിലയിരുത്തുവാൻ ക്ഷമാശീലം ഒരുവനെ സഹായിക്കുന്നു. അവനു തൻെറ

സ്ഥിതി എന്തെന്നു് അറിയാം. കോപാവേശത്താൽ അന്ധനായ ഒരുവന്ന പരിസരത്തെപ്പററി ബോധമില്ല. അവൻ ഭ്രാന്തനെപ്പോലെ പുലമ്പുകയും, ചിലപ്പോ൦ അടുത്തുള്ളവരെ ദേഹോപദ്രവമേല്പിക്കുകയുംകൂടി ചെയ്യുന്നു.

യാഥാത്ഥ്യങ്ങളുടെ നേക്കു കണ്ണടയ്ക്കുന്നതല്ല ക്ഷമ. തന്നെക്കാ൦ ശക്തനായ ഒരു ശത്രുവിൽനിന്നും നേരിടുന്ന വൈഷമ്യങ്ങ൦ അവൻെറ നേക്കുള്ള ഭയം നിമിത്തം മൗനമായി സഹിക്കുന്നതു് ക്ഷമയല്ല, ഭീരുത്വമാണു്.

## ചിന്തിക്കാൻ

1. മോഹനും രാജനും ഒരേ തരത്തിലുള്ള അസ്വഖമായിരുന്നെങ്കിലും, രാജനു രണ്ടാഴ്ചകൂടി ആശുപത്രിയിൽ കിടക്കേണ്ടിവന്നു. കാരണമെന്തു്?

2. വിഷമതകളും പരാജയങ്ങളും നേരിടേണ്ടതെങ്ങനെ?

3. ലേവൻ ഹൂക്കിൻെറ വിജയരഹസ്യം എന്തു്?

## പ്രവത്തിക്കാൻ

1. മററുള്ളവരിൽനിന്നും അനർഹമായി വിഷമതക൦ അനുഭവിക്കേണ്ടിവരുമ്പോ൦ കോപമുണ്ടാകുക സാധാരണമാണു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിങ്ങ൦ എങ്ങനെ പെരുമാറുന്നു.

2. ക്ഷമയോടെ പ്രവത്തിച്ചതുമൂലം ജീവിതവിജയം കൈവരിച്ച നാലു മഹാന്മാരുടെ പേരെഴുതുക.

# 9

## കൃതജ്ഞത

മററൊരാറം നമുക്ക ചെയ്യുതരുന്ന സേവനത്തെ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്നതാണ് കൃതജ്ഞത. ഒരാറം ചെയ്യുന്ന സേവനത്തിനു് അർഹമായ പ്രതിഫലം നൽകുന്നതു നീതിയാണു്, കൃതജ്ഞതയല്ല.

സലിം, സാലിയോടു് എഴുതുവാൻ ഒരു പേന വാങ്ങുന്നു. അതു തിരിച്ചുകൊടുക്കുന്നതു നീതി മാത്രമാണു്, നന്ദിയാണെന്നു പറയുവാൻ പാടില്ല. പേന നൽകിയതിനു് സാലിയോടുള്ള കടപ്പാടു് അംഗീകരിച്ചു് ഉപകാരം പറഞ്ഞാൽ അതാണു നന്ദി. പ്രതിനന്ദിയായി എന്തെങ്കിലും ചെയ്തുകൊടുക്കുവാൻ പലപ്പോഴും നമുക്കു് സാധിക്കാതെ വരും. ചില പ്പോറം വലിയൊരുപകാരത്തിനു് ചെറിയൊരു പ്രത്യുപകാരമേ ചെയ്യാൻ കഴിഞ്ഞുള്ള എന്നും വരാം. പ്രതിനന്ദിയായി കൊടുക്കുന്ന സാധനത്തിൻെറയൊ പ്രവൃത്തിയുടെയോ വലിപ്പവും, വിലയുമല്ല, അതിനു പ്രേരിപ്പിക്കുന്ന ഹൃദയഭാവമാണു പ്രധാനം. പണമോ കാഴ്ചകളോ പ്രതിഫലമായി നൽകി വീട്ടാൻ പററാത്ത പല കടപ്പാടുകളുമുണ്ടു്. നന്ദിയും സ്നേഹവും കൊണ്ടേ അതു വീട്ടാൻ സാധിക്കയുള്ളു.

ഗീതയ്ക്കു കണക്കു് പ്രയാസമുള്ള ഒരു വിഷയമാണു്. കൂട്ടുകാരിയായ മിനി ദിവസവും അവറംക്കു് കണക്കു പറഞ്ഞു കൊടുക്കുന്നു. എങ്ങനെയാണു് ഗീത മിനിയോടു് നന്ദി കാണിക്കുക? പണം കൊടുത്തോ? പണം കൊടുത്താൽ മിനി ഒരിക്കലും അതു് സ്വീകരിക്കുകയില്ല. മിനിക്കു പ്രയാസമുള്ള

ഏതെങ്കിലും വിഷയത്തിൽ സഹായിക്കാമെന്നു വച്ചാൽ അവൾക്കതിന്റെ ആവശ്യവുമില്ല. കാരണം, എല്ലാ വിഷയ ത്തിലും മിടുക്കിയാണ് മിനി. അപ്പോൾ എന്തു ചെയ്യും?

മിനിയോട് നന്ദിയും, സ്നേഹവുമുള്ളവളായിരിക്കും ഗീത. കൂടാതെ മിനിക്ക് ഏതെങ്കിലും സഹായം എപ്പോഴെ ങ്കിലും വേണ്ടിവന്നാൽ അതു ചെയ്തുകൊടുക്കാൻ ഗീത സന്നദ്ധ യുമായിരിക്കും.

ഒരാൾ നമുക്കു ചെയ്തു തരുന്ന സേവനത്തെക്കാൾ ഉപരി യായ സേവനം പകരം ചെയ്തുകൊടുക്കുവാൻ നാം പരി ശ്രമിക്കണം. നമ്മുടെ അച്ഛനമ്മമാർ എന്തുമാത്രം സേവന മാണ് നമുക്കുവേണ്ടി അനുഷ്ഠിക്കുന്നത്! ഏതെങ്കിലും വിധ ത്തിൽ അതിനെല്ലാം പ്രത്യുപകാരം ചെയ്യാൻ നമുക്കു സാധി ക്കുമോ? ഒരിക്കലുമില്ല. എങ്കിലും ചെറിയ ചെറിയ കാര്യ ങ്ങളിലൂടെ നമ്മുടെ നന്ദിയും സ്നേഹവും കാണിക്കാൻ നമുക്കു കഴിയും. അമ്മയ്ക്ക് ഹൃതെങ്കിലും അസുഖമുണ്ടാകുന്നു എന്നു വിചാരിക്കുക. നമുക്കു കാര്യമായ സഹായങ്ങളൊന്നും ചെ യ്യാൻ കഴിവില്ലെങ്കിലും അടുത്തിരുന്ന് അമ്മയെ ആശ്വസി പ്പിക്കാമല്ലോ. അമ്മയ്ക്കു ജോലിത്തിരക്കുള്ളപ്പോൾ ചില്ലറ സഹായങ്ങൾ ചെയ്തുകൊടുക്കാൻ നമുക്കു സാധിക്കും. അമ്മ യോട് നമുക്കു സ്നേഹമുണ്ടെന്നും, നാം നന്ദിയുള്ളവരാണെന്നും അപ്പോൾ അമ്മ മനസ്സിലാക്കും.

പല ഉപകാരങ്ങളും പണം കൊടുത്തു വീട്ടാൻ പററുന്ന വയല്ല. നന്ദിസൂചകമായ ഒരു പുഞ്ചിരി, കൃതജ്ഞതാഭരിത മായ ഒരു നോട്ടം, ഹൃദയപൂർവ്വം പറയുന്ന ഒരു "ഉപകാരം" ഇവ യെല്ലാം നന്ദി പ്രകടനത്തിനുള്ള മാർഗ്ഗങ്ങളാണ്. നന്ദിയുള്ളവ രെ എല്ലാവരും ഇഷ്ടപ്പെടുന്നു. അവരെ സഹായിക്കാൻ എല്ലാ വർക്കും താല്പര്യമാണ്.

ഈ സുകൃതം അഭ്യസിക്കാൻ നാം ചെറുപ്പത്തിലേ ശീലിക്കണം. ഉപകാരികളോടു നന്ദി കാണിക്കുവാൻ പല പ്പോഴും മറന്നുപോകുന്നു. അദ്ധ്യാപകരോടു നമുക്ക് വേണ്ടത്ര നന്ദിയുണ്ടോ? നന്ദി പ്രകടനത്തിനുള്ള ധാരാളം സന്ദർഭങ്ങൾ

ദിവസവും നമുക്കു് ലഭിക്കുന്നുണ്ടു്. അപ്പോഴെല്ലാം ഹൃദയത്തിൽ നിന്നു് ഒരു 'ഉപകാരം' പറയുന്ന ശീലം നമുക്കുണ്ടാകണം. നന്ദിയുള്ളവരായിരിക്കാൻ പണച്ചെലവൊന്നുമില്ല. വിശാലമായൊരു ഹൃദയം മാത്രമുണ്ടായാൽ മതി. ഇടുങ്ങിയ ഹൃദയമുള്ളവരിൽ ഈ സുകൃതം കാണുകയില്ല. കൃതജ്ഞത വളരെയധികം പ്രകീർത്തിക്കപ്പെടുന്നതും എന്നാൽ കുറച്ചുമാത്രം പ്രയോഗത്തിലാക്കപ്പെടുന്നതുമായ ഒരു ഗുണമാണു്.

മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, എന്നിവരോടു നമുക്കു നന്ദിയുണ്ടായിരിക്കണം. സർവ്വോപരി എല്ലാ നന്മകളുടേയും ഉറവിടമായ ഈശ്വരനോടും നാം നന്ദിയുള്ളവരായിരിക്കേണ്ടതാണു്.

അനുദിനം നമ്മെ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകളുടെ പേരിൽ നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണമെന്നോ ? ധാരാളം ഗൃഹപാഠങ്ങൾ ചെയ്യണം, അദ്ധ്യാപകരുടെ ശകാരവും ശിക്ഷകളും ഏല്ക്കണം, വണ്ടി കാത്തു നിൽക്കേണ്ട ഗതികേടുണ്ടാകും, പനി തലവേദന തുടങ്ങിയ രോഗങ്ങൾ അലട്ടിയെന്നും വരാം. ഇത്തരം സന്ദർഭങ്ങളുടെ പേരിൽ ഈശ്വരനോടു് പരിഭവം തോന്നുമ്പോൾ നാം ഓർക്കേണ്ട ഒരു കാര്യമുണ്ടു്. വിദ്യാലയം കാണാൻപോലും ഭാഗ്യം ലഭിക്കാത്തവരെക്കാൾ എത്ര ഭാഗ്യവാന്മാരാണു നാം. യാത്ര ചെയ്യാനുള്ള സാദ്ധ്യത നമുക്കുള്ളപ്പോൾ എത്രയോ പേർക്കാണു് അതിനുള്ള കഴിവില്ലാത്തതു്? തലവേദനയും പനിയും വന്നതോർത്തു് വിഷാദിക്കുന്നതിനേക്കാൾ നന്നല്ലേ നമുക്കു മനുഷ്യത്വം തന്നതിനു് ദൈവത്തോടു നന്ദിയുള്ളവരായിരിക്കുക?. വിഷമതകളിലും ക്ലേശങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന നാം പലപ്പോഴും ദൈവം നൽകിക്കൊണ്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങളെപ്പററി ചിന്തിക്കാറില്ല.

## ചിന്തിക്കാൻ

1. കൃതജ്ഞതയെന്നാലെന്തു്? അതു പ്രകടിപ്പിക്കാനുള്ള ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

2. മററുള്ളവരിൽ നിന്നു ലഭിക്കുന്ന സഹായങ്ങാംക്കു് ആനുപാതികമായ സേവനവും സഹായവും തിരിച്ചുകൊടുക്കുവാൻ സാധിക്കാതെ വരുമ്പോരം നാം എന്തു ചെയ്യണം?

## പ്രവത്തിക്കാൻ

1. ഉപകാരങ്ങാം സ്വീകരിക്കുമ്പോരം, ഉള്ളിൽ കൃതജ്ഞതയുണ്ടെങ്കിൽപ്പോലും പലരും അതു് ബാഹ്യമായി പ്രകടിപ്പിക്കാറില്ല. നിങ്ങാം അക്കൂട്ടത്തിൽപ്പെടുമോ? നമുക്കുപകാരം ലഭിക്കുമ്പോഴൊക്കെ നന്ദി പറയുന്ന തഴക്കം വളത്തിയെടുക്കുക.

2. മാതാപിതാക്കന്മാരോടുള്ള നിങ്ങളുടെ പെരുമാററരീതിയിൽ കൃതജ്ഞതയ്ക്കു് എന്തുമാത്രം സ്ഥാനമുണ്ടു്?

# 10

## കഴിവുകൾ വികസിപ്പിക്കുക

ലാലിയും ലീലയും ആറാം സ്റ്റാൻഡാർഡിൽ പഠിക്കുന്നു. രണ്ടുപേർക്കും രണ്ടുനിറമാണ്. ലാലിയുടെ കണ്ണുകൾക്ക് കൂടുതൽ കറുപ്പുണ്ട്. മുടി വളരെക്കുറവാണ്. ലീലയ്ക്കു നീണ്ട ചുരുണ്ട ഭംഗിയേറിയ മുടിയുണ്ട്. ബാഹ്യമായ ഈ വ്യത്യാസങ്ങൾ മാത്രമേ ഒററ നോട്ടത്തിൽ നമുക്കവരിൽ കാണാൻ സാധിക്കയുള്ളു. എന്നാൽ അടുത്തു പരിചയപ്പെട്ടപ്പോഴാണ് നാം മനസ്സിലാക്കുന്നത്, അതിലുപരിയായ പല വ്യത്യാസങ്ങളും ഇവർ തമ്മിലുണ്ടെന്ന്. ലാലി ആ നാട്ടിലെ ഒരു സമ്പന്നൻെറ പുത്രിയാണ്. ലീല ഒരു ചുമട്ടുതൊഴിലാളിയുടെ മകളും. ആരോഗ്യം, സൗന്ദര്യം, നിറം, ബുദ്ധി, പ്രവത്തനപാടവം തുടങ്ങിയവയിൽ വളരെയേറെ വ്യത്യാസം ഇവർ തമ്മിലുണ്ട്.

ഇവരുടെ ജീവിതസാഹചര്യങ്ങൾ വിഭിന്നമാണ്. തന്മൂലം വ്യത്യസ്തരീതിയിലായിരിക്കും ഇവരുടെ കഴിവുകൾ വികസിക്കുക. ലാലിക്ക് പാടാൻ വലിയ കഴിവുണ്ടായിരുന്നില്ലെങ്കിലും സമത്ഥനായ ഒരു ഭാഗവതരുടെ കീഴിൽ അഭ്യസിച്ചതുകൊണ്ട് ഒരു നല്ല പാട്ടുകാരിയായി. സംഗീതത്തിൽ അസാമാന്യ വാസനയുണ്ടായിരുന്ന ലീലയ്ക്ക് അതിനെ പോഷിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമായിരുന്നു. തന്മൂലം അവളുടെ സംഗീതവാസന കൂമ്പടഞ്ഞുപോയി.

പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽപ്പോലും ചിലർ തങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കുന്നു. ഒരു വിറക

വെട്ടകാരൻെറ മകനായിരുന്നല്ലൊ എബ്രാഹം ലിങ്കൺ. ഹൈ സ്കൂളിലോ കോളജിലോ അദ്ദേഹം പഠിച്ചിട്ടില്ല. പല ആശാന്മാരുടെ കീഴിലായി പന്ത്രണ്ടു മാസത്തോളം പഠിച്ചതായിരുന്നു ലിങ്കൻെറ വിദ്യാഭ്യാസ യോഗ്യത. ചെറുപ്പംതൊട്ടേ പിതാവുമൊത്തു പണിയെടുത്താണു് കുടുംബം പുലർത്തിയിരുന്നതു്. എഴുതാൻ പഠിച്ചതാകട്ടെ കരിക്കട്ട ഉപയോഗിച്ചും. ഈ ലിങ്കനാണു് പിൽക്കാലത്തു് അമേരിക്കൻ പ്രസിഡൻറ് സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടതു്. വടിവൊത്ത കയ്യക്ഷരത്തിൽ സുന്ദരമായ ശൈലിയിൽ ധാരാളം ലേഖനങ്ങളെഴുതാൻ പിന്നീടു് അദ്ദേഹത്തിനു കഴിഞ്ഞു. ഏതൊരു വിഷയത്തെക്കുറിച്ചും ആധികാരികമായി സംസാരിക്കാനുള്ള കഴിവും അദ്ദേഹം നേടിയെടുത്തു.

വിവിധ കഴിവുകളോടുകൂടിയ ആളുകളാണു് നമ്മുടെ ചുററുമുള്ളതു്. ചിലർ പണ്ഡിതന്മാരും, ചിലർ കലാകാരന്മാരും, ചിലർ ശാസ്ത്രപടുക്കളും, ചിലർ കായബലമുള്ളവരും, ചിലർ ആവേശഭരിതരുമാണു്. ഇങ്ങനെ കഴിവുകളിൽ വൈവിദ്ധ്യമുള്ളതുകൊണ്ടു് വലിയ പ്രയോജനമുണ്ടു്. ഉദാഹരണമായി എല്ലാവരും ഒരുപോലെ മന്ദഗതിക്കാരായിരുന്നുവെങ്കിൽ പെട്ടെന്നൊരു ജോലി ചെയ്തു തീർക്കേണ്ട സാഹചര്യങ്ങളിൽ ആവേശത്തോടെ മുമ്പോട്ടു വരാൻ ആരും ഉണ്ടാകുമായിരുന്നില്ല. എല്ലാവരും വലിയ ആവേശമുള്ളവരാണെങ്കിൽ ശാന്തതയോടെ സസൂക്ഷ്മം ചെയ്യേണ്ട ജോലികൾ ചെയ്യുവാൻ ആരാണുണ്ടാവുക? ഒരു കെട്ടിടം പണിക്കു് അനേകം പേരുടെ അദ്ധ്വാനം ആവശ്യമുണ്ടു്. എല്ലാവരും എഞ്ചിനീയർമാരോ കൽപ്പണിക്കാരോ മരപ്പണിക്കാരോ ആണെങ്കിൽ കെട്ടിടംപണി എങ്ങനെ നടക്കും?

ജന്മസിദ്ധമായോ, സാഹചര്യങ്ങളുടെ പ്രത്യേകത കൊണ്ടോ നമുക്കു ലഭിച്ചിരിക്കുന്ന വിവിധങ്ങളായ ഗുണവിശേഷങ്ങൾ ഈശ്വരൻെറ ദാനങ്ങളാണു്. ചിലക്കു വളരെയേറെ കഴിവുകളുണ്ടു്. മററു ചിലരാകട്ടെ കഴിവു കുറഞ്ഞവർ. കഴിവു കൂടിയവർ, കുറഞ്ഞവരെ അവജ്ഞയോടെ വീക്ഷിച്ചതുകൊണ്ടും, കഴിവു കുറഞ്ഞവർ കൂടിയവരോടു് അസൂയപ്പെട്ടതുകൊണ്ടും കാര്യമില്ല. ഓരോരുത്തനും തനിക്കു ലഭിച്ചിട്ടുള്ള

കഴിവുകൾ വികസിപ്പിച്ച്, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനേ കടമയുള്ളു. നൂറുരൂപയും ഒരുലക്ഷം രൂപയും മുടക്കി കച്ചവടം നടത്തുന്നവർക്ക് ഒരേ ലാഭം പ്രതീക്ഷിക്കാമോ? ഓരോരുത്തർക്കും അവരവർ മുടക്കിയ സംഖ്യയ്ക്ക് ആനുപാതികമായ ലാഭം കിട്ടിയാൽ സന്തോഷമായി.

വൈവിധ്യമില്ലാത്ത ലോകം തികച്ചും, രസരഹിതമാണ്. എല്ലാ പുഷ്പങ്ങളും ഒരേ ജാതി ആയിരുന്നുവെങ്കിൽ പ്രകൃതിക്ക് അതിന്റെ വസന്തകാലഭംഗി എങ്ങനെയുണ്ടാകും? കുരുവികൾ ഒരേ രീതിയിലാണ് കൂട് കെട്ടുന്നത്. എന്നാൽ മനുഷ്യനാവട്ടെ, തന്റെ കഴിവുകൾ വികസിപ്പിച്ച് നൂതന ശില്പങ്ങൾക്ക രൂപം നൽകുന്നു

കവി വിവിധ പദങ്ങൾ ചേർത്ത് സുന്ദരമായ ഒരു കാവ്യം രചിക്കുന്നതുപോലെയും ചിത്രകാരൻ വിവിധ ചായങ്ങൾ ഉപയോഗിച്ച മനോഹരമായ ഒരു ചിത്രം എഴുതുന്നതുപോലെയും വിവിധകഴിവുകൾ സമ്മേളിച്ച് നമുക്ക് വൈവിധ്യസുന്ദരമായ ഒരു നാളയെ കെട്ടിപ്പടുക്കാം.

## ചിന്തിക്കാൻ

1. പാടാൻ സ്വാഭാവികമായി കൂടുതൽ കഴിവുണ്ടായിരുന്നതു് ലീലയ്ക്കാണ്. എന്നാൽ ലാലിയാണ് വലിയ പാട്ടുകാരിയായതു്. കാരണമെന്തു്?

2. ദൈവം മനുഷ്യനെ വിവിധ കഴിവുകളോടെ സൃഷ്ടിച്ചിരിക്കുന്നതെന്തിനു്?

## പ്രവർത്തിക്കാൻ

1. സാധാരണയായി കഴിവു കുറവുള്ള കുട്ടികൾക്ക് കൂടുതലുള്ളവരോട് അസൂയയും തങ്ങളുടെ അവസ്ഥയിൽ നിരാശയും തോന്നാറുണ്ട്. ഇതിനുള്ള പ്രതിവിധിയെന്തു്?

2. പാവപ്പെട്ട സാഹചര്യങ്ങളിൽനിന്നും മഹാന്മാരായി ത്തീൎന്നിട്ടുള്ള ഏതാനും വ്യക്തികളുടെ പേരു പറയുക.

3. വിവിധ കഴിവുകളുള്ള ആളുകൾ ഒത്തൊരുമിച്ച് പ്രവൎത്തിച്ചതിൻെറ ഫലമായി ഉണ്ടായിട്ടുള്ള നേട്ട ങ്ങൾക്ക് ചില ഉദാഹരണങ്ങളെഴുതുക.

4. വിഭിന്ന കഴിവുകളോടുകൂടിയ കുട്ടികളുടെ സഹക രണം ആവശ്യപ്പെടുന്ന ചില പദ്ധതികളുടെ പേരെ ഴുതുക.

5. തങ്ങൾക്ക് അഭിരുചിയില്ലാത്ത രംഗങ്ങളിൽ പ്രവ ൎത്തിക്കുന്നതുകൊണ്ട് ചിലരുടെ ജീവിതം പരാജയ മടയുന്നു. നിങ്ങൾക്ക് ഇങ്ങനെ പററാതിരിക്കാൻ എന്തു ചെയ്യണം?

# 11

## നിസ്വാർത്ഥസേവനം

മീനയും ബീനയും ഷാജിയും അയൽക്കാരായിരുന്നു. ഒരു ദിവസം മാമ്പഴം പെറുക്കാൻ അവർ അകലെയുള്ള ഒരു പറമ്പിൽ പോയി. ''എൻെറ മാമ്പഴത്തിൽ കുറെ ഞാൻ അമ്മമ്മയ്ക്കു കൊടുക്കും'' മീന പറഞ്ഞു. വീട്ടിലിരുന്നു് പരീക്ഷയ്ക്കു് പഠിക്കുന്ന ഷൈനിചേച്ചിക്കു്, തനിക്കു കിട്ടുന്ന മാമ്പഴത്തിൽ ചിലതു കൊടുക്കുമെന്നു ബീന പറഞ്ഞു. ഷാജിക്കു് ഇതൊന്നും അത്ര രസിച്ചില്ല. പെറുക്കിക്കൂട്ടിവെച്ചിരുന്ന മാമ്പഴത്തിലേക്കു് കൊതിയോടെ നോക്കിക്കൊണ്ടു് അവൻ പറഞ്ഞു. ''ഇതു ഞാൻ ആർക്കും കൊടുക്കില്ല. മുഴുവനും ഞാൻതന്നെ തിന്നും''. ഉടനെ ബീന പറഞ്ഞു: ''അതു സ്വാർത്ഥതയാണു്''. മീന അതു ശരിവച്ചു. ഇതു സ്വാർത്ഥതയൊന്നുമല്ല. ഞാൻ പെറുക്കിയിട്ടല്ലേ ഞാൻ തിന്നുന്നതു്?'' അവൻ സ്വയം നീതികരിച്ചു.

അന്നു സ്കൂളിൽ പോയപ്പോൾ ചോറു കൊണ്ടുപോകുവാൻ ഷാജി മറന്നുപോയി. ഉച്ചയ്ക്കു് മീനയും ബീനയും ഭക്ഷണസാധനങ്ങൾ ഓരോന്നായി നിരത്തിവെച്ചു. കൂട്ടുകാർ ഉണ്ണാൻ ഇടങ്ങുന്നതു കണ്ടപ്പോൾ ഷാജി വിഷണ്ണനായിത്തീർന്നു. മാമ്പഴത്തിൻെറ കാര്യത്തിൽ താൻ സ്വാർത്ഥനായിരുന്നതുപോലെ ഭക്ഷണത്തിൻെറ കാര്യത്തിൽ അവരും സ്വാർത്ഥരായിരിക്കുമെന്നു് ഷാജി വിചാരിച്ചു.

മിനി പറഞ്ഞു: ''ഷാജിക്കു ഞങ്ങൾ ചോറു വിളമ്പിവച്ചിട്ടുണ്ടു്. വരൂ, ഊണു കഴിക്കാം''. ''ഉപകാരം'' അവൻ പറഞ്ഞു.

സ്വന്തം സുഖവും സന്തോഷവും അവഗണിച്ചുകൊണ്ടു പോലും മാതാപിതാക്കൾ കുട്ടികളുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കുന്നതു സാധാരണമാണ്. ഇങ്ങനെയുള്ള അമിതശ്രദ്ധയും ലാളനയും പലപ്പോഴും കുട്ടിയിൽ സ്വാർത്ഥത വേരൂന്നാനിടയാക്കാറുണ്ട്. കാരണം മററുള്ളവരെല്ലാം തൻെറ ഹിതാനുസരണം പ്രവർത്തിക്കേണ്ടവരാണെന്ന ഒരു ധാരണ അറിയാതെ തന്നെ അവനിൽ ഉളവാകുന്നു. വളരുന്നതോടൊപ്പം കൂടുതൽ ആളുകളോട് ഇടപെടാനുള്ള സാഹചര്യം കുട്ടിക്കു ലഭിക്കുന്നു. അപ്പോഴാണ് അവൻ മനസ്സിലാക്കുന്നത് മററുള്ളവർക്കും തന്നെപ്പോലെ ആഗ്രഹങ്ങളും അവ സാധിക്കാനുള്ള വ്യഗ്രതയുമുണ്ടെന്ന്. സാധാരണ ഗതിയിൽ ഒരു കുട്ടി ഇതു് കൂടുതലായി മനസ്സിലാക്കുന്നതു് വിദ്യാലയത്തിൽവെച്ചാണ്.

പൊതു നന്മയ്ക്കുവേണ്ടി സ്വന്തം താല്പര്യങ്ങൾ മാററിവച്ച്, പ്രവർത്തിക്കാൻ പരിശീലിക്കുന്നതിൻെറ ഫലമെന്തെന്നറിയാമോ? സ്വജീവൻപോലും ബലികഴിച്ച് മററുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കാനുള്ള ധീരതയാണ് അതുമൂലം കൈവരുന്നതു്.

ഒരു ഉയർന്ന പട്ടാള ഉദ്യോഗസ്ഥനായിരുന്നു ഫിലിപ്പ് സിഡ്നി. ഒരിക്കൽ വെടിയേററ് യുദ്ധക്കളത്തിൽ ദാഹപരവശനായി കിടന്ന അദ്ദേഹത്തിന് ഒരാൾ അല്പം ജലം പകർന്നുകൊടുത്തു. എന്നാൽ പാവപ്പെട്ട ഒരു പട്ടാളക്കാരൻ ദാഹത്താൽ പൊരിഞ്ഞു് തൻെറ അടുക്കൽ കിടക്കുന്നതുകണ്ട് ''താങ്കൾക്കാണിതു് എന്നേക്കാൾ കൂടുതലാവശ്യം'' എന്നു പറഞ്ഞു് സിഡ്നി തനിക്കു ലഭിച്ച വെള്ളം ആ പട്ടാളക്കാരനു് കൊടുക്കുകയാണുണ്ടായതു്.

ഫിലിപ്പ് സിഡ്നിയെ അനുകരിക്കണമെങ്കിൽ, വീട്ടിലും വിദ്യാലയത്തിലുംവച്ച് നിസ്വാർത്ഥത അഭ്യസിക്കാൻ നമുക്കു ലഭിക്കുന്ന അവസരങ്ങളൊന്നും നാം പാഴാക്കിക്കളയരുതു്.

## ചിന്തിക്കാൻ

1. സ്വാത്ഥത ഹീനതയാണെന്നു് ഷാജി എങ്ങനെ പഠിച്ചു?

2. ജന്മനാ സ്വാത്ഥനായ ഒരു കുട്ടി നിസ്വാത്ഥനായി വളൻവരണമെങ്കിൽ എന്തുചെയ്യണം?

## പ്രവത്തിക്കാൻ

1. നിസ്വാത്ഥത പ്രകടിപ്പിക്കാൻ ജീവിതത്തിൽ നിങ്ങഠംക്കു ലഭിച്ചിട്ടുള്ള ഒരു സന്ദർഭം ചൂണ്ടിക്കാണിക്കുക.

2. നിസ്വാർത്ഥസേവനത്തിലൂടെ മഹാന്മാരായിത്തീന്ന ചില വ്യക്തികളുടെ പേരെഴുതുക.

# 12

## ഹൃദയവിശാലത

ഗാന്ധിജി ഒരിക്കൽ ദക്ഷിണാഫ്രിക്കയിലേയ്ക്കു പോകുകയായിരുന്നു. അദ്ദേഹം കപ്പലിൽ നിന്നും ഇറങ്ങിയപ്പോരം ആരോ ''ഗാന്ധി, ഗാന്ധി'' എന്നു വിളിച്ചുപറഞ്ഞു. വെള്ളക്കാരായ ഒരു കൂട്ടം കുട്ടികരം അദ്ദേഹത്തിന്റെ ചുററുംകൂടി കൂക്കവിളിച്ചു. ചിലർ കല്ലുകരം പെറുക്കി എറിയാൻ തുടങ്ങി. ഒരാരം അദ്ദേഹം ധരിച്ചിരുന്ന തലപ്പാവെടുത്തു കൊണ്ടു് ഓടിക്കളഞ്ഞു. മററു ചിലർ അദ്ദേഹത്തെ അടിക്കുകയും തൊഴിക്കുകയും ചെയ്തു. മർദ്ദനമേററ ഗാന്ധിജി ബോധരഹിതനായി നിലംപതിച്ചു.

അവിടത്തെ പോലീസ് മേധാവിയുടെ ഭാര്യ ആ വഴി അപ്പോരം കടന്നുപോയി. അവർ ആ കുട്ടികളുടെ ഇടയിലൂടെ കടന്നുചെന്നു ഗാന്ധിജിയുടെ അടുത്തെത്തി. അവരം തന്റെ കുട നിവർത്തിപ്പിടിച്ചുകൊണ്ടു് അദ്ദേഹത്തെ കല്ലേറിൽ നിന്നു രക്ഷിച്ചു.

സംഭവസ്ഥലത്തുണ്ടായിരുന്ന ഒരിന്ത്യൻ യുവാവു് പോലീസ് മേധാവിയെ വിവരം ധരിപ്പിച്ചു. ഗാന്ധിജിയുടെ സംരക്ഷണത്തിനായി ഉടൻതന്നെ ഒരു കൂട്ടം പോലീസുകാർ സ്ഥലത്തെത്തി. ഗാന്ധിജി, അടുത്തുണ്ടായിരുന്ന ഒരു സ്നേഹിതന്റെ വീട്ടിലേയ്ക്കു മാററപ്പെട്ടു. ക്ഷുഭിതരായ വെള്ളക്കാർ ആ വീടു വളഞ്ഞു് അദ്ദേഹത്തെ വിട്ടുകൊടുക്കണമെന്നു് ആവശ്യപ്പെട്ടു. സന്ദർഭത്തിന്റെ ഗൗരവം ഗ്രഹിച്ച പോലീസ് ഉദ്യോഗസ്ഥൻ ഗാന്ധിജിയോടു് വേഷപ്രച്ഛന്നനായി രക്ഷ

പെടുവാൻ ഉപദേശിച്ചു. ഒരു പോലീസുകാരൻെറ വേഷത്തിൽ അദ്ദേഹം രക്ഷപെടുകയും ചെയ്തു.

ഗാന്ധിജിക്കു നേരിട്ട അത്യാഹിതത്തെപ്പററി കേട്ട ജനങ്ങളിൽ പലരും കോപകലുഷിതരായി. ഗാന്ധിജിയെ ഉപദ്രവിച്ചവരുടെമേൽ ശിക്ഷണ നടപടികഠം സ്വീകരിക്കുന്നതാണെന്നു ഗവൺമെൻറ് പ്രഖ്യാപിച്ചു.

പക്ഷേ, ആരും ശിക്ഷിക്കപ്പെടണമെന്നു് ഗാന്ധിജി ആഗ്രഹിച്ചില്ല. അദ്ദേഹം പറഞ്ഞു. ''ഈ കുട്ടികളെ ശിക്ഷിച്ചിട്ടു കാര്യമില്ല. ഞാൻ അവരുടെ ശത്രുവാണെന്നു് അവരെ ധരിപ്പിച്ച നേതാക്കന്മാരുടെ കുററമാണിതു്.'' തങ്ങളുടെ തെററു ബോദ്ധ്യമാകുന്ന കാലത്തു് അവർ പശ്ചാത്തപിച്ചുകൊള്ളുമെന്നു് ഗാന്ധിജിക്കു ബോദ്ധ്യമുണ്ടായിരുന്നു. ഈ പ്രവൃത്തി ലോകമാസകലം, പ്രത്യേകിച്ചു് ദക്ഷിണാഫ്രിക്കയിൽ അദ്ദേഹത്തിൻെറ നേക്കു് വലിയ മതിപ്പും ബഹുമാനവും ഉളവാക്കി. തൻെറ ശത്രുക്കളോടു ക്ഷമിക്കാൻ ഗാന്ധിജി എപ്പോഴും സന്നദ്ധനായിരുന്നു. അക്രമത്തെ അക്രമം കൊണ്ടു് നേരിടാമെന്നു കരുതുന്നതു മൗഢ്യമാണു്. അക്രമം അക്രമത്തെ തളർത്തുകയല്ല, വളർത്തുകയാണു ചെയ്യുക. പ്രതികാരം ചെയ്യുന്നതിനേക്കാഠം പൗരുഷമുള്ള പ്രവൃത്തിയാണു് ക്ഷമിക്കുക എന്നതു്. ഹിംസയേക്കാഠം ഉൽകൃഷ്ടമാണു് അഹിംസ.

അനീതിയെയും അക്രമത്തെയും നേരിടാനുള്ള ഏററവും ശക്തമായ ആയുധം അഹിംസയാണു്. ''നിൻെറ ഇടതു കന്നത്തടിക്കുന്നവനു് വലതുകന്നംകൂടി കാണിച്ചുകൊടുക്കുക'', എന്ന പ്രസ്താവത്തിൻെറ അർത്ഥമിതാണു്. തെററു ചെയ്യുക മാനുഷികമാണു്; ക്ഷമിക്കുക ദൈവികവും. അക്രമത്തെ വെറുക്കുകയും അക്രമിയെ സ്നേഹിക്കുകയുമാണു് മഹാത്മാക്കഠം ചെയ്തിരുന്നതു്.

## ചിന്തിക്കാൻ

1. തന്നെ അപമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്തവരെ ശിക്ഷിക്കാൻ ദക്ഷിണാഫ്രിക്കൻ ഗവൺമെൻറ്

തയ്യാറായെങ്കിലും ഗാന്ധിജി അതിന്നു സമ്മതിച്ചില്ല. കാരണമെന്തു്?

2. ''അക്രമത്തെ വെറുക്കുകയും അക്രമിയെ സ്നേഹിക്കുകയും ചെയ്യണം'' എന്ന വാക്യം ഉൾക്കൊള്ളുന്ന ആശയം വിശദമാക്കുക.

## പ്രവത്തിക്കാൻ

ഉപദ്രവങ്ങൾ നേരിടുമ്പോൾ ക്ഷോഭിക്കാനും പ്രതികാരം ചെയ്യാനുമാണു് നമ്മുടെ ജന്മവാസന. ഇങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങളുടെ പ്രവർത്തന രീതിഎന്തു്?

# 13

## 'ഞാൻ സത്യസന്ധനായിരിക്കും'

ഓണത്തിനു് ഒന്നോ രണ്ടോ ദിവസമേയുള്ളു. എല്ലാവരും ദ്രുതഗതിയിൽ ഒരുങ്ങുകയാണു്. സന്ധ്യയോടടുത്ത സമയം സത്യൻ കയ്യിലൊരുകെട്ട ന്യൂസ്പേപ്പറുമായി ബസ്സ്റ്റാൻററിൽ നിൽക്കുകയാണു്. അന്നത്തെ പത്രവില്പന അവസാനിപ്പിച്ചു വീട്ടിലേയ്ക്കു തിരിക്കാൻ സമയമായി. ഇരുപതു പ്രതികൾകൂടി ഇനിയും വിററു തീക്കാനുണ്ടു്. പൈസയ്ക്കു പകരം പത്രം കൊണ്ടുപോകേണ്ട ഗതികേടായിരുന്നു അവനു്. ഓണത്തിനു മുമ്പു് തനിക്കൊരു ഓടക്കുഴലും അമ്മയ്ക്കൊരു സമ്മാനവും വാങ്ങിയാൽ കൊള്ളാമെന്നു് അവനു് ആഗ്രഹമുണ്ടു്.

''എന്താ സത്യൻ, പത്രം വിററുതീന്നില്ലേ? എൻേറതു വളരെ നേരത്തെ തീന്നു'' കൂട്ടുകാരനായ ജയൻ പറഞ്ഞു. ജയൻ എങ്ങനെയാണു് ഇത്രവേഗം പത്രം വിററു തീത്തതെന്നു് സത്യൻ അന്വേഷിച്ചു. തൻെറ തന്ത്രം ജയൻ വിശദമാക്കി. ''നീ ആളുകളുടെ ഇടയിലൂടെ ഓടിനടന്നു്, വിചിത്രമായ കൊലപാതകം, പാക്കിസ്ഥാൻ വീണ്ടും യുദ്ധത്തിനൊരുങ്ങുന്നു. എന്നൊക്കെ ഉറക്കെ വിളിച്ചുപറയണം''. ''ഈ വാത്ത പത്രത്തിൽ ഇല്ലല്ലോ'' സത്യൻ ആശ്ചര്യപൂവ്വം പറഞ്ഞു.

പത്രം വിററു് ഉപജീവനം കഴിച്ചിരുന്ന ഒരു പാവപ്പെട്ട ബാലനായിരുന്നെങ്കിലും സത്യൻ അവൻെറ അമ്മയിൽ നിന്നു ചില നല്ല കാര്യങ്ങൾ പഠിച്ചിരുന്നു. അവൻെറ ഉള്ളിൽ ഒരു വലിയ പോരാട്ടം തന്നെ നടന്നു. ഒരു ഭാഗത്തു് അമ്മയ്ക്കുള്ള സമ്മാനവും ഓടക്കുഴലും. മറുവശത്തു്, അസത്യ പ്രസ്താവന.

സ്വല്പനേരം ആലോചിച്ച ശേഷം അവൻ ധൈര്യപൂർവ്വം പറഞ്ഞു: "രണ്ടു രൂപയ്ക്കുവേണ്ടി കള്ളം പറയുകയോ? ഒരിക്കലുമില്ല, ജയൻ." അവൻ പത്രവുമായി വീട്ടിലേയ്ക്കു മടങ്ങി. ബസ് സ്റ്റാൻറിൽ നിന്നിരുന്ന ഒരു മാന്യൻ അവരുടെ സംസാരം ശ്രദ്ധിച്ചിരുന്നു. സത്യൻെറ പരമാർത്ഥതയിലും സത്യസന്ധതയിലും അദ്ദേഹത്തിനു വളരെ സന്തോഷം തോന്നി. തൻെറ ഫാക്ടറിയിൽ ഒരു ജോലി അദ്ദേഹം അവനു നൽകുകയും ചെയ്തു. കള്ളംപറഞ്ഞ് സമ്പന്നനായിത്തീരുന്നതിനേക്കാൾ നന്ന് സത്യംപറഞ്ഞു ദരിദ്രനായി കഴിയുന്നതാണെന്നു സത്യൻ ദൃഢമായി വിശ്വസിച്ചിരുന്നു. അവൻെറ സത്യസന്ധത അവൻെറ ജീവിതവിജയത്തിന് വഴിതെളിച്ചു.

ശുദ്ധ ഹൃദയങ്ങളിലേ സത്യം വളരുകയുള്ളു. വാക്കിലും, പ്രവൃത്തിയിലുമുള്ള പരമാർത്ഥതയാണ് സത്യസന്ധത. സത്യസന്ധതയുള്ളവരുടെ സംസാരം ആത്മാർത്ഥത നിറഞ്ഞതായിരിക്കും. അവർ നീതിപൂർവ്വം പ്രവർത്തിക്കുന്നു. സത്യം അജയ്യമാണ്. സത്യത്തെ കാരാഗൃഹത്തിലടയ്ക്കാൻ ആർക്കും സാദ്ധ്യമല്ല. സത്യത്തിൻെറ ഈ അജയ്യശക്തിയാണ് എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാററിക്കൊണ്ടു മുന്നേറുവാൻ ആദർശമതികൾക്ക് ധൈര്യം നൽകുന്നതു്. സത്യസന്ധൻ സമുദായത്തിന് ഒരനുഗ്രഹമാണ്. ഉത്തരവാദിത്വപൂർണ്ണമായ ജോലികൾ അയാളെ സംശയമെന്യേ ഭരമേല്പിക്കാം.

സത്യം അറിഞ്ഞിട്ടും അതിനെതിരായി സംസാരിക്കുന്നതാണ് നുണ. ഗൃഹപാഠങ്ങൾ ചെയ്തുതീർക്കാതെ തീർത്തു എന്നു പറയുക, വർത്തമാനം പറഞ്ഞിട്ടും പറഞ്ഞില്ലെന്നു നടിക്കുക തുടങ്ങിയവ സത്യസന്ധതയ്ക്ക് വിരുദ്ധമായ പ്രവർത്തനങ്ങളാണ്. നിങ്ങളോ നിങ്ങളുടെ കൂട്ടുകാരനോ ഒരു മോഷണം തുടങ്ങിയെന്നു സങ്കല്പിക്കുക. തെററിദ്ധരിച്ച് അദ്ധ്യാപകൻ നിഷ്കളങ്കനായ ഒരു വിദ്യാർത്ഥിയെ ശിക്ഷിക്കുന്നു എന്നും കരുതുക. അപ്പോൾ നിങ്ങൾ മൗനമായിരിക്കുന്നതു സത്യവിരുദ്ധമാണ്. ലോകത്തിലുള്ള സർവ്വമനുഷ്യരും കള്ളം മാത്രമേ പറയുന്നുള്ളു എങ്കിൽ ജീവിതം എത്ര ദുർവഹമാകുമായിരുന്നു.

അനുവാദംകൂടാതെ മറെറാരാളുടെ വസ്തുക്കൾ എടുക്കുകയോ, കൈവശം വെയ്ക്കുകയോ ചെയ്യുന്നതാണ് കളവ്.

ഇങ്ങനെ എടുക്കുന്ന വസ്തുക്കൾ തിരിയെ കൊടുക്കേണ്ടതു് അത്യാവശ്യമത്രെ. അന്യരുടെ നിസ്സാര വസ്തുക്കൾപോലും നാം എടുക്കരുതു്. കളവിനെ സംബന്ധിച്ചിടത്തോളം ചെറിയവയിൽ ആരംഭിച്ച് വലിയവയിൽ അവസാനിക്കാൻ സാദ്ധ്യതയുണ്ടു് സത്യവിരുദ്ധമായ പ്രവത്തനങ്ങൾവഴി മററുള്ളവക്ക് വളരെയേറെ നഷ്ടവും പ്രയാസവും ഉണ്ടാകുവാനും ഇടയുണ്ടു്. സത്യസന്ധതയില്ലാത്തവർ സമുദായദ്രോഹികളാണു്.

സത്യത്തെ അന്വേഷിക്കുകയും ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുമ്പോഴേ മനുഷ്യൻ യഥാത്ഥത്തിൽ മനുഷ്യനാകുന്നുള്ളു. സത്യസന്ധതയിൽനിന്നുളവാകുന്ന മനക്കരുത്തും ആനന്ദവും അവണ്ണനീയമാണു്. 'സത്യമേവ ജയതേ' (സത്യം ജയിക്കുന്നു). എന്നുള്ള മുദ്രാവാക്യം ഭാരതത്തിൻെറ അചഞ്ചലമായ സത്യനിഷ്ഠയെയാണു് സൂചിപ്പിക്കുന്നതു്.

## ചിന്തിക്കാൻ

1. ദരിദ്രനായ സത്യൻ എങ്ങനെയാണു് ഒരു ഫാക്ടറി ജോലിക്കാരനായിത്തീന്നതു്?
2. മോഷ്ടിക്കാനുള്ള പ്രവണത മുളയിൽത്തന്നെ നുള്ളിക്കളയാത്തപക്ഷം അതിൻെറ ഫലമെന്തു്?
3. അസത്യം പ്രവത്തിക്കുകയോ പറയുകയോ ചെയ്യാനിടയായാൽ എന്തു ചെയ്യണം?

## പ്രവത്തിക്കാൻ

നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾ പലതരത്തിലുള്ള കളവുകൾ പറയാറുണ്ടല്ലോ. ഇക്കാര്യത്തിൽ നിങ്ങളുടെ പ്രവത്തനരീതി എങ്ങനെയെന്നു പരിശോധിക്കുക.

# 14

## ആത്മവിശ്വാസം

എല്ലാം ചെയ്യാൻ തനിക്കു കഴിയുമെന്നാണു വിനോദി ൻെറ ഭാവം. കാണികരം അത്ഭുതപ്പെടത്തക്കവിധം വേഗതയി ലാണ് അവൻ സൈക്കിൾ ഓടിച്ചു പോകുന്നതു്. സ്കൂളിലെ എല്ലാ കായിക പരിപാടികളിലും പങ്കെടുക്കും. അവയിലെ ല്ലാം വിജയിയാകുമെന്നാണ് അവൻെറ പ്രതീക്ഷ. പക്ഷേ, പലപ്പോഴും പരാജിതനാകയാണു പതിവ്.

പ്രമോദിനു് അമിതമായ പരാജയഭീതിയാണ്. മററു ള്ളവരുടെ മുമ്പിൽ വിലയിടിഞ്ഞവനായി പ്രത്യക്ഷപ്പെടാൻ അവനു് ഇഷ്ടമില്ല. തന്മൂലം പരിപാടികളിൽ നിന്നും ഒഴിഞ്ഞു മാറുകയാണ് അവൻെറ പതിവ്.

ഷോളിക്കു് തൻെറ കഴിവുകളെയും പരിമിതികളെയും പററി ശരിയായ ബോദ്ധ്യമുണ്ടു്. വിജയപൂർവ്വം നേരിടാൻ സാധിക്കുന്ന സന്ദർഭങ്ങളൊന്നും അവൻ പാഴാക്കാറില്ല.

വിനോദിനു് ആത്മവിശ്വാസം അമിതമാണ്. പ്രമോ ദിനാകട്ടെ ആത്മവിശ്വാസം തീരെയില്ല. യഥാർത്ഥമായ ആത്മ വിശ്വാസമുള്ളവനാണ് ഷോളി. സ്വന്തം കഴിവുകളെയും പരിമിതികളെയും ശരിയായി വിലയിരുത്തി പോരായ്മകരം പരിഹരിച്ചു് കഴിവുകരം വികസിപ്പിച്ചു് വിജയത്തിലെത്തി ച്ചേരാമെന്ന ദൃഢബോദ്ധ്യമാണ് ആത്മവിശ്വാസം. ജീവി തത്തിൽ നേരിടുന്ന വെല്ലുവിളികളെ സുധീരം അഭിമുഖീകരി ച്ചു വിജയം വരിക്കുന്നതിനു് ആത്മവിശ്വാസം ആവശ്യ

മാണ്. നമ്മുടെ കഴിവുകൾക്ക് അംഗീകാരം ലഭിക്കുന്നതു് ആത്മവിശ്വാസത്തിൽ വളരാൻ സഹായകമാണ്.

കൊച്ചു കുട്ടിയായ സാലിയെ നോക്കാൻ അഞ്ചുവയസ്സുള്ള ബഞ്ചമിനെ ഏർപ്പെടുത്തിയശേഷം അമ്മ അടുക്കളയിലേയ്ക്കു പോയി. കുറെ സമയം കഴിഞ്ഞപ്പോൾ ബഞ്ചമിൻ അച്ഛൻെറ മഷിക്കുപ്പിയിൽ ചെറിയ ഒരു കമ്പു് മുക്കി കുനിഞ്ഞിരുന്നു തറയിൽ വരച്ചു. ഇടയ്ക്കിടയ്ക്കു സാലിയെ നോക്കുന്നുമുണ്ടായിരുന്നു. കുറെക്കഴിഞ്ഞു് അവിടെയെത്തിയ അമ്മ തറയിൽ വരച്ചിരുന്ന ചിത്രത്തിൽ നോക്കിപ്പറഞ്ഞു: ''ബഞ്ചമിൻ! ഇതു സാലിയുടെ പടമാണല്ലോ, മിടുക്കൻ.'' അമ്മ ബഞ്ചമിൻെറ നിറുകയിൽ ചുംബിച്ചു. അമ്മയുടെ ഈ ഉമ്മയാണ് ബഞ്ചമിനെ പിൽക്കാലത്തു് ഒരു ചിത്രകാരനാക്കിത്തീർത്തതു്. അമ്മ അവൻെറ കലാവാസനയെ അംഗീകരിക്കാതെ, തറ വൃത്തികേടാക്കിയതിനു് മകനെ ശകാരിക്കുകയാണ് ചെയ്തിരുന്നതെങ്കിൽ ചിത്രരചനയിലുള്ള അവൻെറ കഴിവു് വികസിക്കുമായിരുന്നില്ല.

ആത്മവിശ്വാസം വർദ്ധിക്കുന്നതിനുള്ള മറെറാരുപാധിയാണ് നമുക്കു ലഭിക്കുന്ന അർഹമായ പ്രോത്സാഹനം. എഡിസൻ ഒരു മറയനാണെന്നു് അദ്ധ്യാപകൻ ക്ലാസ്സിൽ പറഞ്ഞതായി അവൻെറ അമ്മ അറിഞ്ഞു. ''എൻെറ മകൻ മറയനല്ല, അവൻ ഒരു മഹാനായിത്തീരും. ഞാൻ തന്നെ അവനെ പഠിപ്പിച്ചുകൊള്ളാം'' എന്നു് ആ അഭിമാനിനിയായ അമ്മ അദ്ധ്യാപകനോടു പറഞ്ഞു. പിന്നീടു് അവർ കൊച്ചു മകനെ സ്കൂളിൽ അയച്ചിട്ടേയില്ല. അവർതന്നെ അവനെ പഠിപ്പിച്ചു. ഒരു പത്രവിതരണക്കാരനായും, പച്ചക്കറി വ്യാപാരിയായും പണിയെടുത്ത എഡിസൻ പിൽക്കാലത്തു് നൂറു കണക്കിനു കണ്ടുപിടുത്തങ്ങൾ നടത്തിയ ഒരു വലിയ ശാസ്ത്രജ്ഞനായിത്തീർന്നു.

നമ്മുടെ കഴിവിൽക്കവിഞ്ഞ കാര്യങ്ങൾ ഏറെറടുത്തു പരാജയമടയുന്നതു് ആത്മവിശ്വാസം നഷ്ടപ്പെടുവാൻ ഇടയാകും. അഭിനയകലയിൽ വലിയ പാടവമുണ്ടായിരുന്നില്ല ഷാജിക്കു്. പക്ഷേ, സ്കൂളിൽ അഭിനയിക്കാനിരുന്ന നാടകത്തിലെ കഥാനായകനായിക്കൊള്ളാമെന്നു് അവൻ ഏററു.

അവൻെറ അഭിനയം വളരെ മോശമായിരുന്നു. പിന്നീടു് അവൻ സ്റ്റേജിൽ കയറിയിട്ടേയില്ല. കഥാനായകനായി അഭിനയിക്കാതെ മറേറതെങ്കിലും ഭാഗം അഭിനയിച്ചിരുന്നെങ്കിൽ അവൻ പരാജയപ്പെടുകയില്ലായിരുന്നു. ക്രമേണ, അഭിനയത്തിൽ കൂടുതൽ പാടവം സമ്പാദിക്കയും ചെയ്യാമായിരുന്നു.

ചില കുട്ടികൾ പരീക്ഷ അടുക്കുമ്പോൾ പരാജയ ഭീതി കൊണ്ടു പിന്മാറുന്നതു് നാം കണ്ടിട്ടുണ്ടു്. അവർ അപ്രകാരം ചെയ്യുന്നതു് ആത്മവിശ്വാസത്തിൻെറ അഭാവം നിമിത്തമാണു്. പുതിയ സാഹചര്യങ്ങളെ നേരിടാൻ അവർക്കു ഭയമാണു്. ഈ ഭയത്തിൻെറ കാരണം കണ്ടുപിടിച്ചു് അതിനെ നിവാരണം ചെയ്യുകയാണു വേണ്ടതു്.

നേരത്തെ സംഭവിച്ച പരാജയങ്ങൾ ആത്മവിശ്വാസത്തെ ദുർബ്ബലമാക്കാനിടയുണ്ടു്. അവയെപ്പററി ചിന്തിക്കാതെ നേട്ടങ്ങൾ മാത്രം കണക്കിലെടുക്കുക. വിജയം ഉപരി വിജയത്തിനു വഴി തെളിക്കും. ഓരോ പ്രതിബന്ധത്തെയും തരണം ചെയ്യുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കും. പ്രതികൂല സാഹചര്യങ്ങളോടു മല്ലിട്ടു വിജയത്തിലെത്തിയ മഹാന്മാരുടെ ജീവചരിത്രപാരായണം നമുക്കു പുതിയൊരാവേശം പ്രദാനം ചെയ്യും.

DHARMARAM COLLEGE LIBRARY, BANGALORE
34121B

## ചിന്തിക്കാൻ

1. വിനോദ്, പ്രമോദ്, ഷോളി എന്നിവരിൽ യഥാർത്ഥ ആത്മവിശ്വാസമുള്ളതാർക്കു്? എന്തുകൊണ്ടു്?

2. ബെഞ്ചമിനെ, അവൻെറ അമ്മ, ഒരു പ്രസിദ്ധ ചിത്രകാരനായിത്തീരാൻ സഹായിച്ചതെങ്ങനെ?

3. എഡിസൻെറ അനുഭവത്തിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്ന പാഠമെന്തു്?

4. കഴിവിനതീതമായ കാര്യങ്ങൾ ഏറെറടുത്തു് ചെയ്യുന്നതു് ആത്മവിശ്വാസത്തെ എങ്ങനെ ബാധിക്കും?

5. ആത്മവിശ്വാസം വളർത്തിയെടുക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങളേവ?

## പ്രവർത്തിക്കാൻ

1. ചില കുട്ടികൾ പരാജയഭീതി മൂലം കായിക കലാമത്സരങ്ങളിൽ പങ്കെടുക്കാറില്ല. അത്തരം ഭീതിക്കു നിങ്ങൾ വിധേയരാണോ?

2. മററുള്ളവരുടെ ജയാപജയങ്ങളിൽ നിങ്ങളുടെ പ്രതികരണമെന്തു്?

3. പ്രോത്സാഹനം നിമിത്തം നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിച്ച ഒരു സാഹചര്യം വിവരിക്കുക.

# 15

## സൽപ്പേരു്

അദ്ധവാർഷികപ്പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. രശ്മിയ്ക്കാണു് ഒന്നാം സ്ഥാനം. രണ്ടാംസ്ഥാനക്കാരി രേഖയ്ക്കു് രശ്മിയെക്കാരം മൂന്നു മാക്കിന്റെ കുറവേയുള്ളു. ഒന്നാംസ്ഥാനം നഷ്ടപ്പെട്ടതിൽ രേഖയ്ക്കു് കുണ്ഠിതമുണ്ടു്.

എട്ടുമാക്കുള്ള ഒരു കണക്കു് രശ്മി കോപ്പിയടിച്ചതു കൊണ്ടാണു് അവരംക്കു് അത്രയും മാക്കു് കിട്ടിയതെന്നു് രേഖ ഒരു കൂട്ടുകാരിയോടു കള്ളം പറഞ്ഞു. അല്പസമയത്തിനുള്ളിൽ ഈ വാർത്ത സ്കൂളിൽ സംസാരവിഷയമായി. തൽഫലമായി കുട്ടികരംക്കു് രശ്മിയോടു മതിപ്പില്ലാതായി. ചിലർ അവളോടു ചില്ലറ കുത്തുവാക്കുകരം പറഞ്ഞു. കാര്യമറിയാതെ രശ്മി കുഴങ്ങി. അവരം തനിച്ചിരുന്നു കരഞ്ഞു.

രശ്മിയുടെ മനഃപ്രയാസത്തിനു കാരണം രേഖയാണെന്നു് അദ്ധ്യാപികയ്ക്കു മനസ്സിലായി. രേഖയുടെ തെററിന്റെ ഗൗരവം, അദ്ധ്യാപിക അവളെ ഗ്രഹിപ്പിച്ചു. മേലിൽ ഇതാവത്തിക്കരുതെന്നു് താക്കീതും നൽകി. രേഖ തെററിനെക്കുറിച്ചു് ശരിയായി പശ്ചാത്തപിച്ചു. സ്കൂരം അസംബ്ലിയുടെ സമയത്തു് അവരം പരസ്യമായി മാപ്പു ചോദിച്ചു.

മററുള്ളവക്കു് നമ്മെപ്പററിയുള്ള മതിപ്പാണു് നമ്മുടെ സൽപ്പേരു്. നല്ല പേരു് നഷ്ടപ്പെടുന്നതു് ആരോഗ്യമോ സമ്പത്തോ നഷ്ടപ്പെടുന്നതിനെക്കാരം വലുതാണു്. നമ്മുടെ ഏററവും വിലപിടിപ്പുള്ള കൈമുതലും അതുതന്നെ.

അശ്രദ്ധമായി കൈകാര്യം ചെയ്താൽ താഴെവീണു് ഉടയുന്ന പളുങ്കുപാത്രം പോലെയാണു് സൽപ്പേരു്. രശ്മിയെക്കുറിച്ചുള്ള അസത്യപ്രസ്താവന ആ സ്കൂളിലെ കുട്ടികളുടെയിടയിൽ മാത്രമേ വ്യാപിച്ചുള്ളു. അതിനാൽ അവരെ സത്യം ഗ്രഹിപ്പിച്ചു് രശ്മിയുടെ പേരിനുണ്ടായ കളങ്കം കഴുകിക്കളയാൻ രേഖയ്ക്കു് എളുപ്പമായിരുന്നു. എന്നാൽ ആ വാർത്ത അയൽസ്കൂളിലും കൂടി പ്രചരിച്ചുവെന്നിരിക്കട്ടെ. എങ്കിൽ എത്ര വലിയ പശ്ചാത്താപമുണ്ടെങ്കിലും സ്വന്തം തെററു പരിഹരിക്കുവാൻ രേഖയ്ക്കു തരപ്പെടാതെ പോയേനെ. അപവാദം പറഞ്ഞു പരത്തുന്നതിനെ കാററിൽ പഞ്ഞി പറത്തുന്നതിനോടുപമിക്കാം. ഈ പഞ്ഞി വീണ്ടും ശേഖരിക്കുക അസാദ്ധ്യമാണു്. ഇതുപോലെതന്നെ താൻ പ്രചരിപ്പിച്ച അസത്യവാർത്ത കേട്ടിട്ടുള്ള ആളുകളെ കണ്ടുപിടിച്ചു സത്യാവസ്ഥ അറിയിക്കുക ദുഷ്കരമത്രെ.

അപവാദം പരത്തുന്ന വ്യക്തി രണ്ടു തെററാണു ചെയ്യുന്നതു്. ഇതരൻെറ സൽപ്പേരു് അപഹരിക്കുന്നതും കള്ളം പറയുന്നതും. ഒരാറം യഥാർത്ഥത്തിൽ ചെയ്ത തെററാണെങ്കിൽപ്പോലും അതു പ്രസിദ്ധപ്പെടുത്താൻ നമുക്കധികാരമില്ല. കാരണം ഒരുവൻെറ സൽക്കീർത്തി അവൻെറ അലംഘ്യമായ അവകാശമാണു്. അന്യരുടെ വസ്തു അപഹരിച്ചാൽ അതു തിരികെ കൊടുത്തു പരിഹാരം ചെയ്യാം. എന്നാൽ അപഹരിക്കപ്പെടുന്നതു് സൽപ്പേരാകുമ്പോറം കൊടുത്തുവീട്ടുക എളുപ്പമല്ല.

മററുള്ളവരുടെ പ്രവർത്തനങ്ങളെ മോശമായി വിധിക്കുന്നതും വിമർശിച്ചു സംസാരിക്കുന്നതും വലിയ തെററാണു്. അതു കേട്ടു രസിക്കുന്നതു് അതുപോലെതന്നെ കുററകരവും. അവരുടെ പ്രവർത്തനോദ്ദേശ്യം നമുക്കറിഞ്ഞുകൂടാ. ഹൃദയ രഹസ്യങ്ങളറിയുന്നതു് ഈശ്വരൻ മാത്രമാണു്. പലപ്പോഴും മററുള്ളവർ സദുദ്ദേശത്തോടെ ചെയ്യുന്ന പ്രവർത്തനങ്ങളെയാണു് നാം തെററിദ്ധരിക്കുന്നതു്. അതുകൊണ്ടു് മററുള്ളവരുടെ പ്രവർത്തനങ്ങളുടെ നല്ലവശം മാത്രം കാണാൻ നാം പഠിക്കണം. എങ്കിൽ വളരെയധികം തെററിദ്ധാരണകറം ഒഴിവാക്കാം.

## ചിന്തിക്കാൻ

1. അശ്രദ്ധമായോ, കരുതിക്കൂട്ടിത്തന്നെയോ, നാം പ്രചരിപ്പിക്കുന്ന അപവാദങ്ങൾ മററുള്ളവരുടെ സൽപ്പേരിനെ എങ്ങനെ ബാധിക്കുമെന്നു രശ്മിയുടെ അനുഭവത്തിൽ നിന്നും വ്യക്തമാക്കുക.
2. അപവാദ പ്രചരണം മൂലം ഒരാളുടെ സൽപ്പേരു നഷ്ടപ്പെട്ടെന്നിയാൽ അതെങ്ങനെ പരിഹരിക്കാം?
3. ഒരാൾ ചെയ്ത തെററുപോലും പറഞ്ഞു പരത്തുന്നതു് ശരിയല്ല. കാരണമെന്തു്?

## പ്രവത്തിക്കാൻ

1. അപവാദ പ്രചരണം മൂലം സൽപ്പേരു നഷ്ടപ്പെടാനിടയായ സന്ദർഭം നിങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ അതിൽനിന്നും എന്തു പാഠം പഠിച്ചു?
2. മററുള്ളവരുടെ സൽക്കീത്തി നഷ്ടപ്പെടുവാൻ നിങ്ങൾ കാരണമായിട്ടുണ്ടോ? എങ്ങനെ? എപ്പോൾ?
3. ഇതരരെ വിമർശിക്കുന്നതിലും അതു കേട്ടു രസിക്കുന്നതിലും ചിലക്കു് ആനന്ദമുണ്ടു്. നിങ്ങളുടെ മനോഭാവമെന്തു്?

## മനപ്പാഠമാക്കാൻ

‘‘അടവിമഴുകൊണ്ടു വെട്ടിയാലകച്ചിടും
കഠിനവാചാ വെട്ടിമുറിച്ചാലകച്ചിടാം
നാരചശല്യം ദേഹത്തിങ്കൽ നിന്നെടുത്തിടാം
ക്രൂരവാക് ശല്യമെടുക്കും ചികിത്സകനില്ല’’

(മഹാഭാരതം)

-oOo-

# 16

## സംസാരത്തിൽ ശ്രദ്ധിക്കുക

സംസാരശക്തി മനുഷ്യനുമാത്രം സ്വായത്തമായ ഒരു കഴിവാണു്. നമ്മുടെ ആശയങ്ങൾ മററുള്ളവരെ അറിയിക്കാനുള്ള പ്രധാനപ്പെട്ട ഉപാധിയാണിതു്.

പൊതുവേ മനുഷ്യർ സംസാരപ്രിയരാണു്; കുട്ടികൾ പ്രത്യേകിച്ചും. മിതഭാഷണം മാന്യതയുടെ ലക്ഷണമാണു്. അമിതഭാഷണമാകട്ടെ അല്പത്വത്തിൻെറ അടയാളവും. അധികം സംസാരിക്കുന്നതുകൊണ്ടു് കൂടുതൽ കാര്യങ്ങൾ മററുള്ളവരെ ധരിപ്പിക്കാമെന്നു കരുതുന്നതു വെറും വ്യാമോഹമത്രെ. അമിതഭാഷണംമൂലം മററുള്ളവക്കു നമ്മോടു വെറുപ്പു തോന്നുകയേയുള്ളു. അതിഭാഷണം വിഷയത്തിൻെറ ഗൗരവം കുറയ്ക്കും.

സമയം വിലയേറിയതാകയാൽ പ്രയോജനപ്രദമായ കാര്യങ്ങളെപ്പററിയേ സംസാരിക്കാവൂ. കുട്ടികൾ, ക്ലാസ്സിൽ പഠിക്കുന്ന ഭാഗങ്ങളോടു ബന്ധപ്പെട്ട കാര്യങ്ങൾ സംസാരവിഷയമാക്കുന്നതു് വളരെ ഉപകാരപ്രദമത്രെ. പുസ്തകങ്ങൾ, പത്രമാസികകൾ, റേഡിയോ തുടങ്ങിയവയിൽനിന്നു ലഭിക്കുന്ന പുതിയ അറിവുകൾ, വീട്ടിലോ വിദ്യാലയത്തിലോ വച്ചു നടത്തുന്ന പരീക്ഷണനിരീക്ഷണങ്ങൾ ഇവയൊക്കെ നമ്മുടെ സംസാരത്തിനും ചർച്ചയ്ക്കും വിഷയമാകേണ്ടതാണു്. പുതുതായി ഒന്നും നേടാനില്ലെങ്കിൽ സംസാരിച്ചു കളയുന്ന സമയം തീരാനഷ്ടമാണു്. സ്ഥലവും സന്ദർഭവും അറിഞ്ഞേ സംസാരിക്കാവൂ.

"സന്ദർഭോചിതമായ വാക്കു് വെള്ളിത്താലത്തിലെ സ്വർണ്ണമയമായ ആപ്പിൾപ്പഴംപോലെയാണു്." (ബൈബിൾ)

നമ്മുടെ മൗനം മററുള്ളവരുടെയോ, നമ്മുടെയോ സൽപ്പേരു്, സമ്പത്തു് മുതലായവയ്ക്കു ഹാനികരമായിത്തീരാവുന്ന

സന്ദർഭങ്ങളുണ്ടാവാം. അപ്പോഠം സംസാരിക്കേണ്ടതു് നമ്മുടെ കത്തവ്യമായിത്തീരുന്നു.

സുമി, അടുത്തിരിക്കുന്ന സുധയുടെ അഞ്ചുരൂപ കട്ടെടുത്തെന്നു കരുതുക. മോഷണം നടത്തിയതു് ആരാണെന്നു് അദ്ധ്യാപകൻ തിരക്കുമ്പോഠം വിവരം അറിയാവുന്ന കുട്ടികഠം മൗനമായിരിക്കുന്നതു ശരിയല്ല. സംസാരിക്കുന്നതു് അവിവേകമായിത്തീരാവുന്ന സാഹചര്യങ്ങളിൽ നാം മൗനം അവലംബിക്കണം. നാവിനെ നിയന്ത്രിക്കുന്നതു് പക്വതയുടെ ലക്ഷണമത്രെ.

''ബുദ്ധിമാന്മാരോടുള്ള അല്പനേരത്തെ സംഭാഷണം ഒരു മാസത്തെ ഗ്രന്ഥപാരായണത്തിൻെറ ഫലം ചെയ്യും.'' എന്നൊരു ചൈനീസ് പഴമൊഴിയുണ്ടു്. നിരീക്ഷണപാടവം വദ്ധിക്കാനും ഗാഢമായി ചിന്തിക്കാനും വിജ്ഞരുമായുള്ള സംഭാഷണം നമ്മെ സഹായിക്കുന്നു.

നമ്മുടെ സംസാരം സ്ഫുടവും വ്യക്തവുമായിരിക്കണം. സ്വരനിയന്ത്രണവും അത്യാവശ്യമാണു് സംസ്ക്കാരസമ്പന്നമായ ഭാഷാരീതിയും ശൈലിയും സ്വായത്തമാക്കിയെങ്കിലേ സംസാരം ആകർഷകമായിരിക്കൂ. അമിതമായ അതിശയോക്തി സംസാരത്തിൽ വജ്ജിക്കേണ്ടതാണു്. സംഭാഷണവേളയിൽ മററുള്ളവരുടെ നേട്ടങ്ങളെ അംഗീകരിക്കുകയും അവരെ അഭിനന്ദിക്കയും ചെയ്യുന്നതു മഹാമനസ്കതയുടെ ലക്ഷണമാണു്.

വികാരാവേശത്തോടെ ആരോടും സംസാരിക്കരുതു്. നന്മയുളവാകാൻ സാദ്ധ്യതയുള്ളപ്പോഠം ശാസനാരൂപത്തിൽ സംസാരിക്കുന്നതും തെററല്ല. നമ്മുടെ ആശയങ്ങഠം സ്ഥാപിക്കാൻ അമിതമായ വ്യഗ്രത കാണിക്കരുതു്. മററുള്ളവർ സംസാരിക്കുമ്പോഠം ഇടയ്ക്കു കയറി പറയുന്നതും ഭംഗിയല്ല. മററുള്ളവക്ക് സംസാരിക്കാൻ അവസരം കൊടുക്കണം. സംസാരിക്കുന്നതിലേറെ കേഠക്കാൻ തയ്യാറാവണം. ശ്രോതാക്കളുടെ വ്യക്തിത്വത്തെ മാനിച്ചുകൊണ്ടേ സംസാരിക്കാവൂ. മററുള്ളവരുടെ സംസാരത്തിലിടപെടുന്നതു് അവരുടെ സമ്മതത്തോടുകൂടിയാവണം. നമുക്കെതിരായ ഫലിതോക്തികഠം നമ്മബോധ

ത്തോടെ സ്വീകരിക്കാൻ പഠിക്കണം. സംസാരത്തിൽ നിരു പദ്രവകരമായ ഫലിതങ്ങൾ പ്രയോഗിക്കുന്നതു് സംഭാഷണ ത്തിൻെറ ആസ്വാദ്യത വധിപ്പിക്കും. അന്യക്കു് അസഹ്യ മായ അംഗവിക്ഷേപങ്ങളും സംസാരരീതിയും, ശബ്ദാധിക്യവും പരിവജ്ജിക്കേണ്ടതാണു്. പല ഭാഷകളിൽ സംസാരിക്കുന്ന വർ സന്നിഹിതരായിരിക്കുമ്പോൾ എല്ലാവക്കും അറിയാവുന്ന ഭാഷയാണുപയോഗിക്കേണ്ടതു്.

## ചിന്തിക്കാൻ

1. കൂടുതൽ സംസാരിക്കുന്നവൻ വിചാരിക്കും അവൻ എല്ലാവരുടെയും കണ്ണിലുണ്ണിയാണെന്നു്. എന്നാൽ യഥാത്ഥത്തിൽ കുട്ടികളുടെയിടയിലുള്ള അവൻെറ സ്ഥാനമെന്തു്?

2. സംസാരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഉപചാര ങ്ങളേവ?

3. സംസാരംകൊണ്ടു നമുക്കു ലഭിക്കുന്ന നന്മതിന്മക ളേവ?

## പ്രവത്തിക്കാൻ

1. അമിതഭാഷികളെ ആരും പൊതുവെ ഇഷ്ടപ്പെടുന്നില്ല. സംസാരിക്കുമ്പോൾ ഈ യാഥാത്ഥ്യം നിങ്ങൾ കണ ക്കിലെടുക്കാറുണ്ടോ?

2. അനിയന്ത്രിതമായ സംസാരംമൂലം പല കുട്ടികളും പഠനത്തിൽ പിന്നോക്കം പോകുന്നു. നിങ്ങളുടെ അനുഭവമെന്തു്?

3. വീരവാദം മുഴക്കിയും അനാവശ്യങ്ങൾ പറഞ്ഞും ചില കുട്ടികൾ ആളാകുവാൻ ശ്രമിക്കാറുണ്ടു്. ഇതു പോലെ നിങ്ങൾ ചെയ്യാറുണ്ടോ?

4. ശരിയായ സംസാരംവഴി, വളരെയേറെ കാര്യങ്ങരം നമുക്കു പഠിക്കാൻ സാധിക്കും. സംസാരത്തിൽ നിന്നു് എന്തുമാത്രം പ്രയോജനം നിങ്ങരംക്കു ലഭിക്കുന്നുണ്ടു്?

5. ''സംസാരിക്കുക, അങ്ങനെ ഞാൻ നിന്നെ അറിയട്ടെ.'' (സോക്രട്ടീസ്) എന്ന പ്രസ്താവം വിശകലനം ചെയ്യുക.

# 17

## സ്വരാജ്യസ്നേഹം

1936–ൽ സ്പെയിനിൽ ഒരാഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ദേശീയ വാദികളും കമ്മ്യൂണിസ്ററുകളും തമ്മിലായിരുന്നു സമരം. ററാളേഡോ നഗരം കൈവശപ്പെടുത്തുവാൻ കമ്മ്യൂണിസ്ററുകാർ കിണഞ്ഞു പരിശ്രമിച്ചു. കേണൽ മസ്സാർഡോയും അനുയായികളും ധീരമായി ചെറുത്തു നിന്നു. മസ്സാർഡോയുടെ മകൻ മാനുവൽ മാഡ്രിഡിലെ സൈനിക സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ കുട്ടിയെ കമ്മ്യൂണിസ്റ്റുകാർ തടവിലാക്കി. ആറു മണിക്കൂറിനുള്ളിൽ കീഴടങ്ങാത്ത പക്ഷം മകനെ വധിക്കുന്നതാണെന്നു് അവർ മസ്സാർഡോയെ അറിയിച്ചു. കുട്ടിയെക്കൊണ്ടു് ഫോണിലൂടെ മസ്സാർഡോയോടു സംസാരിപ്പിക്കുകയും ചെയ്തു.

വികാരഭരിതനായി പിതാവു മകനോടു പറഞ്ഞു: ‘‘മകനേ, നിനക്കു് നിൻെറയും എൻെറയും കത്തവ്യങ്ങളറിയാം. മാതൃരാജ്യത്തിൻെറ വീരപുത്രനായി നീ മരണം വരിച്ചാലും. സ്വർഗ്ഗത്തിൽ വച്ചു് വീണ്ടും കാണാം.’’

ഏതാനും മിനിററുകൾക്കുശേഷം ആ ധീരബാലൻ കമ്മ്യൂണിസ്ററുകാരുടെ തോക്കിനിരയായി. ആറു മാസത്തെ യുദ്ധത്തിനുശേഷം കേണൽ മസ്സാർഡോ വിജയം വരിച്ചു.

ഇത്ര വലിയ ത്യാഗം മാതൃരാജ്യത്തിനുവേണ്ടി സഹിക്കേണ്ട സാഹചര്യങ്ങൾ നമുക്കുണ്ടായില്ലെന്നു വരാം. പക്ഷേ,

നാടിൻെറ നന്മയ്ക്കുവേണ്ടി പ്രവത്തിക്കാനുള്ള അവസരങ്ങാം നമുക്കും സുലഭമാണു്.

സാമൂഹ്യജീവിയായ മനുഷ്യനു് ഒററതിരിഞ്ഞുള്ള ജീവിതം അസാദ്ധ്യമാണു്. പൊതുനന്മയ്ക്കുവേണ്ടി വ്യക്തികളും കുടുംബങ്ങളും ഒരുമിച്ചു ചേന്നാണു് രാഷ്ട്രം രൂപം കൊള്ളുന്നതു്. ലൗകിക നന്മകാം സമ്പാദിക്കുന്നതിനു് കുടുംബം കഴിഞ്ഞാൽ നമ്മെ സഹായിക്കുന്നതു രാഷ്ട്രമാണു്. പാലൂട്ടി വളത്തിയ അമ്മയോടും, പോററിപ്പുലത്തിയ അച്ഛനോടും സ്നേഹമുള്ളതുപോലെ, ജീവിച്ചുവളരാൻ സാഹചര്യം ഉണ്ടാക്കിത്തന്ന നാടിനോടും നാട്ടുകാരോടും കൂറുണ്ടാകുക സ്വാഭാവികമാണു്.

എല്ലാ പൗരന്മാക്കും അവകാശങ്ങളും കത്തവ്യങ്ങളുമുണ്ടു്. ഓരോരുത്തരും അവനവൻെറ കത്തവ്യങ്ങാം നിറവേററുകയും അവകാശങ്ങാം വിനിയോഗിക്കുകയും വേണം. രാഷ്ട്രത്തിൻെറ ന്യായമായ നിയമങ്ങാം അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണു്. ദേശീയസംസ്കാരവും കലകളും അഭിവൃദ്ധിപ്പെടുത്തുക, നാടിൻെറ അഭിമാനവും മഹത്തായ പാരമ്പര്യങ്ങളും സംരക്ഷിക്കുക, സാമൂഹ്യനീതി പാലിക്കുക, നീതിയും നിയമവും ലംഘിക്കപ്പെടുന്നിടത്തു് അവയ്ക്കുവേണ്ടി സ്വരമുയത്തുക ഇവയെല്ലാം നമ്മുടെ കടമകളിൽപ്പെടുന്നു. മാതൃരാജ്യത്തിൻെറ ഐക്യവും സുരക്ഷിതത്വവും അപകടത്തിലാകുന്ന ഘട്ടങ്ങളിൽ ജീവൻപോലും ബലികഴിക്കാൻ നാം തയ്യാറാകണം. സ്വരാജ്യത്തിനുവേണ്ടി ആത്മാർപ്പണം നടത്തിയിട്ടുള്ള ധീരാത്മാക്കളുടെ സ്മരണ നമുക്കു് ഉത്തേജനം നൽകുന്നു.

വോട്ടുചെയ്തു് ഉത്തമന്മാരായവരെ ഭരണഭാരം ഏല്പിക്കുന്നതു് ദേശസ്നേഹത്തിൻെറ ഏററവും വലിയ പ്രകടനമാണു്. വോട്ടു ചെയ്യുക എന്നതു് ഓരോ പൗരൻെറയും അവകാശവും ചുമതലയുമാണു്. ബാലററു പേപ്പർ കയ്യിലേന്തി നിൽക്കുന്ന പൗരനാണു് രാഷ്ട്രവിധാതാവു്. സഹപൗരന്മാരൊത്തു് അവൻ രാഷ്ട്രത്തിൻെറ ഭാവി നിർണ്ണയിക്കുന്നു.

നമ്മുടെ രാജ്യം ഇന്നും സാമ്പത്തികമായും ശാസ്ത്രീയമായും വളരെ പിന്നോക്കം നിൽക്കുന്നു. ഈ സ്ഥിതിയിൽനിന്നും

രാജ്യത്തെ ഉദ്ധരിക്കേണ്ടതു് നമ്മുടെ ചുമതലയാണു്.

ഉജ്ജ്വലമായ ദേശസ്നേഹവും ഐക്യബോധവുമുള്ള ജനത അജയ്യമായൊരു ശക്തിയാണു്. ജാതി, മതം, ഭാഷ തുടങ്ങിയ വിഭിന്നതകൾക്കിടയിലെ സംയോജക ശക്തിയാണു് സ്വരാജ്യസ്നേഹം. സഹകരിച്ചു് പ്രവർത്തിക്കുമ്പോൾ സാമ്പത്തികവും സാംസ്ക്കാരികവുമായ നിരവധി നേട്ടങ്ങൾ നമുക്കു് കൈവരും

സ്കൂളിലെ അസംബ്ലി ഭരണരീതി തുടങ്ങിയവ അച്ചടക്കം, പരസ്പര ബഹുമാനം, സഹകരണം, ഉത്തരവാദിത്വബോധം എന്നീ പൗരഗുണങ്ങൾ നമ്മിൽ വളർത്തിയെടുക്കാൻ സഹായിക്കുന്നു. വിദ്യാലയത്തിൽവെച്ചു് നാം ദിവസവും ഉരുവിടുന്ന പ്രതിജ്ഞാവാചകം നമ്മുടെ രാജ്യസ്നേഹത്തെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു.

## പ്രതിജ്ഞ

''ഭാരതം എന്റെ നാടാണു്. എന്റെ സഹോദരീസഹോദരന്മാരാണു് എല്ലാ ഭാരതീയരും. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു. അതിന്റെ സമൃദ്ധവും വിവിധവുമായ പരമ്പരാഗതസമ്പത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു. ആ സമ്പത്തിനു് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണു്.

''എന്റെ മാതാപിതാക്കന്മാരെയും ഗുരുജനങ്ങളെയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും വിനയത്തോടുകൂടിയേ പെരുമാറുകയുള്ളു. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.''

''എന്റെ നാടിനും നാട്ടാർക്കും ഞാൻ എന്റെ സേവനം സമർപ്പിക്കുന്നു. നാട്ടുകാരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണു് എന്റെ സുഖം.''

ദേശീയ ഗാനാലാപം, ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ നടത്തുന്ന പതാകവന്ദനം, തുടങ്ങിയവയും മാതൃരാജ്യത്തോടുള്ള നമ്മുടെ സ്നേഹപ്രകടനങ്ങളാണു്.

''മാതൃരാജ്യം നമുക്കു് എന്തു നൽകി എന്നല്ല, നാം മാതൃ രാജ്യത്തിനു് എന്തു നൽകി എന്നാണു് ചിന്തിക്കേണ്ടതു്.'' (ജോൺ എഫ്. കെന്നഡി)

## ചിന്തിക്കാൻ

1. മസ്സാർഡോയും പുത്രനും നമ്മെ പഠിപ്പിക്കുന്ന പാഠമെന്തു്?
2. ഓരോ പൗരൻെറയും പ്രധാന കടമകൾ ഏവ?
3. രാജ്യ നന്മയ്ക്കായി സേവനമനുഷ്ഠിക്കാൻ പൗരന്മാർക്കു് എങ്ങനെ സാധിക്കും?
4. ഉത്തമ പൗരനായിത്തീരാൻ സ്കൂൾ ജീവിതം നിങ്ങളെ സഹായിക്കുന്നതെങ്ങിനെ?

## പ്രവർത്തിക്കാൻ

1. മാതൃ രാജ്യത്തിനു വേണ്ടി ജീവൻ ബലികഴിച്ച ചില മഹാന്മാരുടെ പേരെഴുതുക
2. ഉത്തമ പൗരനായിത്തീരാൻ താഴെപ്പറയുന്ന അവസരങ്ങൾ നിങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു?

a) സ്കൂൾ അസംബ്ളി

b) പതാക വന്ദനം.

c) ദേശീയ ഗാനാലാപം.

d) സ്കൂൾ പാർലമെൻറ്

3. രാജ്യരക്ഷയ്ക്കുവേണ്ടി നടത്തുന്ന പണപ്പിരിവുകളോടും മററും നിങ്ങൾ എങ്ങനെ സഹകരിക്കുന്നു.?

# 18

## നേതാവിനെ അനുഗമിക്കണം

ഏതൊരു സംരംഭത്തിന്റെയും വിജയം ശരിയായ നേതൃത്വത്തെയാണാശ്രയിച്ചിരിക്കുക. കുടുംബത്തിൽ അഭിവൃദ്ധിയും ഐശ്വര്യവും കൈവരണമെങ്കിൽ കുടുംബനായകന്റെ കീഴിൽ അംഗങ്ങളെല്ലാവരും ഒത്തൊരുമിച്ച പ്രവർത്തിക്കണം.

സ്കൂളിൽ യൂത്തുഫെസ്റ്റിവൽ ആഘോഷിക്കുന്ന അവസരം. ഏകാങ്കമത്സരത്തിനു് കുട്ടികൾ ഗ്രൂപ്പുതിരിഞ്ഞു് തയ്യാറെടുക്കുകയായിരുന്നു. ബെന്നിയുടെ ഗ്രൂപ്പിൽ ഉണ്ടായിരുന്നവരെ അവൻ വിളിച്ചുകൂട്ടി. അവർക്കു് അഭിനയിക്കാനുള്ള ഏകാങ്കത്തിലെ ഓരോ ഭാഗവും ഓരോരുത്തരെ ഏല്പിക്കാനുള്ള ശ്രമമാണു്. ഏതു പാർട്ടു് ആരെടുത്താലാണു് അഭിനയം ഏററവും ഭംഗിയാകുന്നതെന്നു് അവരെല്ലാവരുംകൂടി ചർച്ച് ചെയ്തു നിശ്ചയിച്ചു.

റോയിയും കൂട്ടുകാരും അടുത്ത ക്ലാസ്സുമുറിയിലാണു സമ്മേളിച്ചതു്. മെച്ചപ്പെട്ട അഭിനേതാക്കളിൽ പലരും ആ ഗ്രൂപ്പിലുണ്ടായിരുന്നു. ഓരോരുത്തർക്കുമുള്ള പാർട്ടു് റോയി തന്നെ നിശ്ചയിച്ചു കൊടുത്തതു് അവർക്കിഷ്ടമായില്ല. കാരണം അവരുടെ കഴിവനുസരിച്ചല്ല, റോയിയുടെ താല്പര്യമനുസരിച്ചാണു് അവർക്കുള്ള ഭാഗങ്ങൾ അവൻ ഏല്പിച്ചുകൊടുത്തതു്. പ്രധാനകഥാപാത്രം താൻ തന്നെ ആയിരിക്കണമെന്നു് റോയിക്കു നിർബന്ധമുണ്ടായിരുന്നു. അവനേക്കാൾ നന്നായി അഭിനയിക്കുന്ന ബോബനു് ആ ഭാഗം കൊടുക്കേണ്ടതാണെന്നു് മററു പലരും അഭിപ്രായപ്പെട്ടു. പക്ഷേ, റോയി സമ്മതിച്ചില്ല. കുപിതരായ കുട്ടികൾ ഏകാങ്കത്തിൽ പങ്കെടുക്കുകപോലും ചെയ്യാതെ

പിരിഞ്ഞുപോയി. ബെന്നിയുടെ നേതൃത്വത്തിൽ നടന്ന ഏകാങ്കം ഒന്നാം സമ്മാനം നേടുകയും ചെയ്തു.

സ്വന്തം ഗുണത്തേക്കാൾ പൊതുനന്മയെ വിലമതിക്കുക, സഹപ്രവർത്തകരുടെ കഴിവുകൾ അംഗീകരിക്കുക, ഓരോരുത്തർക്കും അർഹമായ സ്ഥാനം കൊടുത്തു് നന്നായി ജോലി ചെയ്യുവാൻ അവസരം നൽകുക, ഇവയൊക്കെ ഒരു നല്ല നേതാവിന്റെ ഗുണങ്ങളാണ്. ആത്മനിയന്ത്രണം, ആദർശനിഷ്ഠ, നിസ്വാർത്ഥത, വിനയം, അദ്ധ്വാനശീലം, കൃത്യനിഷ്ഠ എന്നിവയും അയാൾക്കുണ്ടായേ പററൂ. ഇങ്ങനെയുള്ള നേതാവിന്റെ കീഴിൽ അണിനിരക്കുന്ന സമൂഹം ഒരു വൻശക്തിയാണ്.

ഗാന്ധിജി, നെഹ്റു, കെന്നഡി, മാർട്ടിൻലൂതർ കിംഗ് തുടങ്ങിയവർ ആധുനിക ലോകത്തിലെ ധീരനേതാക്കളാണ്. ഇവരെല്ലാം ഉന്നതമായ ആദർശങ്ങൾക്കുവേണ്ടി ജീവിച്ചു. വിദേശാധിപത്യത്തിൽ നിന്നും ഭാരതത്തെ മോചിപ്പിച്ച രാഷ്ട്രപിതാവാണു ഗാന്ധിജി. അദ്ദേഹത്തിന്റെ കീഴിൽ ജനത ഒററക്കെട്ടായി നിന്നതിന്റെ ഫലമാണ് ലോകചരിത്രത്തിലെ സുപ്രധാന സംഭവമായ ഭാരതസ്വാതന്ത്ര്യപ്രാപ്തി.

നേതൃത്വപരിശീലനത്തിനും, നേതൃത്വവാസനയെ അറിഞ്ഞു് അംഗീകരിക്കുന്നതിനുമുള്ള അവസരങ്ങൾ സ്കൂളിൽ സുലഭമാണ്. സ്കൂൾ അസംബ്ളികൾ, സാഹിത്യസമാജങ്ങൾ, കായിക കലാഭ്യാസങ്ങൾ, സ്കൂൾപാർലമെൻറുകൾ ഇവയെല്ലാം ഇതിനു നമ്മെ സഹായിക്കുന്നു. നേതൃത്വത്തിനുള്ള കഴിവ് എല്ലാവരിലും ഒന്നുപോലെയല്ല ഉള്ളതു്. സ്കൂളിൽ ലഭിക്കുന്ന അവസരങ്ങളുപയോഗിച്ച് സ്വാഭാവികമായ കഴിവുകൾ വളത്തിയെടുക്കേണ്ടതാണ്. നേതാവാകാനാഗ്രഹിക്കുന്നവൻ ആദ്യം അനുയായിയാവണം. അനുയായികൾക്കു അഹിതകരമായ തീരുമാനങ്ങൾ ചിലപ്പോൾ നേതാക്കന്മാർ സ്വീകരിച്ചെന്നു വരാം. അപ്പോഴെല്ലാം നിശിത വിമർശനങ്ങൾ നടത്താതെ നിർദ്ദേശങ്ങൾ അനുസരിക്കണം. അവരുടെ മാനുഷിക ബലഹീനതകൾ ക്ഷമിക്കാനുള്ള സന്നദ്ധതയും നമുക്കുണ്ടാവണം. അനുയായികളുടെ ആദരവും അംഗീകാരവും, വിശ്വസ്തതയുമാണ് നേതാ

വിൻെറ കരങ്ങറംക്കു് കരുത്തേകുന്നതെന്ന ബോദ്ധ്യത്തോടെ വേണം നാം പ്രവത്തിക്കുവാൻ.

## ചിന്തിക്കാൻ

1. സ്കൂളിലെ മെച്ചപ്പെട്ട അഭിനേതാക്കറം റോയിയുടെ ഗ്രൂപ്പിലായിരുന്നു. എങ്കിലും അവർ പരാജയമടഞ്ഞതിൻെറ കാരണമെന്തു്?
2. നല്ല നേതാവിനുണ്ടായിരിക്കേണ്ട ഗുണങ്ങറം ഏവ?
3. നേതൃത്വപരിശീലനത്തിനു സ്കൂളിൽ ലഭിക്കുന്ന അവസരങ്ങറം ഏതെല്ലാം?
4. ഒരു ഗ്രൂപ്പിൻെറ പ്രവത്തനം വിജയിക്കണമെങ്കിൽ നേതാവിൻെറ കീഴിൽ അംഗങ്ങളുടെ പെരുമാററരീതി ഏതു വിധമായിരിക്കണം?

## പ്രവത്തിക്കാൻ

1. ചിലയാളുകളോടൊത്തു് ജോലി ചെയ്യുവാൻ എല്ലാവക്കും താല്പര്യമാണു്. എന്നാൽ മററുചിലരുമൊത്തു് ജോലി ചെയ്യുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. കാരണമെന്തു്?

   നിങ്ങളുമൊത്തു ജോലി ചെയ്യുവാൻ മററുള്ളവക്കു് താല്പര്യമുണ്ടോ?
2. ഉത്തമ നേതാക്കളെന്നു നിങ്ങറം പരിഗണിക്കുന്ന നാലു് ആളുകളുടെ പേരെഴുതുക?
3. നേതൃത്വപരിശീലനത്തിനു നിങ്ങറംക്കു ലഭിക്കുന്ന അവസരങ്ങറം ശരിയായി വിനിയോഗിക്കുന്നുണ്ടോ?

# 19

## പൊതുവസ്തുക്കളുടെ ഉപയോഗം

നാം ജീവിക്കുന്നതും, വളരുന്നതും, പ്രവർത്തിക്കുന്നതും സമൂഹത്തിലാണ്. തന്മൂലം സമൂഹത്തിന്റെ ക്ഷേമത്തിലും, ഐശ്വര്യത്തിലും നമ്മുടെ ശ്രദ്ധ പതിയണം. പലപ്പോഴും ''സ്വന്തം കാര്യം സിന്താബാദ്'' എന്ന ചിന്താഗതി പുലർത്തുന്നവരാണ് ഭൂരിപക്ഷവും. സ്വന്തം വസ്തുക്കൾ സൂക്ഷിക്കുന്നതിലും, സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും നമുക്കു നല്ല ശ്രദ്ധയുണ്ട്. എന്നാൽ പൊതുവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ നാം പലപ്പോഴും ഉദാസീനരാണ്. അവനവന്റെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതുപോലെ ലൈബ്രറിപുസ്തകങ്ങൾ സൂക്ഷിക്കുന്നവരായി നമ്മിലെത്രപേരുണ്ട്? സമൂഹജീവിതം കൂടുതൽ സുഗമവും ഐശ്വര്യപൂർണ്ണവുമാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു ഇന്നുള്ള പൊതുസ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും. ഇവ ശുചിയായും ക്രമമായും സൂക്ഷിക്കുന്നതു കേവലം നീതി മാത്രമാണ്. അശ്രദ്ധയോടുകൂടിയ നമ്മുടെ പെരുമാററംമൂലം ഇവ മററുള്ളവക്കും നമുക്കും പ്രയോജനരഹിതമായിത്തീരുന്നു.

ചില ഉദാഹരണങ്ങൾമൂലം കൂടുതൽ വിശദമാക്കാം. വേനൽക്കാലത്തു് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമ്പോൾ റോഡിലുള്ള വാട്ടർടാപ്പു തുറന്നു് വെള്ളമൊഴുക്കി കുറെ കുട്ടികൾ കളിക്കുകയാണ്. ടാങ്കിലെ വെള്ളം ഇങ്ങനെ തീരുന്നതുമൂലം മററുള്ളവക്കു കുടിക്കാൻപോലും വെള്ളം കിട്ടാതെ കുഴങ്ങും. ആവശ്യത്തിലധികം സാധനങ്ങൾ ഉപയോഗിക്കുമ്പോൾ മററുള്ളവരുടെ ഉപയോഗത്തിനു് അത്രയും കുറയുന്നു എന്ന ബോദ്ധ്യം

കുട്ടിക്കാലം മുതല്ലേ നാം സമ്പാദിക്കണം. പൊതുവസ്തുക്കാം സൂക്ഷിച്ചു കൈകാര്യം ചെയ്യുവാൻ നാം ആദ്യമായി അഭ്യസിക്കുന്നതു വിദ്യാലയത്തിൽ വച്ചാണു്. അവിടെ ബഞ്ചുകാം, ഡസ്ക്കകാം, മാപ്പുകാം, ചാർട്ടുകാം, ലാബ്രട്ടറി ഉപകരണങ്ങാം തുടങ്ങി നിരവധി സാധനങ്ങാം നമ്മുടെ ഉപയോഗത്തിനായി നൽകപ്പെടുന്നുണ്ടു്. ഇവ ശരിയായി കൈകാര്യം ചെയ്യാത്തപക്ഷം വേഗത്തിൽ ഉപയോഗശൂന്യമായിത്തീരുന്നു.

ഒരിക്കൽ ഒരു ലൈബ്രറിപുസ്തകത്തിൽ ജോയി ഒരു നല്ല ചിത്രം കണ്ടു. അവൻ അതു് കീറിയെടുത്തു സ്വന്തമാക്കി. അടുത്ത ദിവസം ക്ലാസ്സിലെ ഉപയോഗത്തിനു് ആ ചിത്രം ആവശ്യമായിവന്നപ്പോാം അതു നഷ്ടപ്പെട്ടിരിക്കുന്നതായി കണ്ടു. അതു് അന്യായമായി കയ്യടക്കിയ ജോയി ക്ലാസ്സിലെ തന്റെ സതീർത്ഥ്യർക്കെതിരായി ഒരു ദ്രോഹകൃത്യമാണു് ചെയ്തതു്. ചില കുട്ടികാം ഗെയിംസ് കഴിഞ്ഞാൽ ഉപകരണങ്ങാം കോർട്ടിൽനിന്നും എടുത്തു സൂക്ഷിക്കാൻ ശ്രദ്ധിക്കാറില്ല. മററുകുട്ടികാം പിന്നീടു് നോക്കുമ്പോാം അവ കാണുകയില്ലെന്നതാണു് ഫലം. പൊതുസാധനങ്ങാം ഉപയോഗത്തിനുശേഷം അതതിന്റെ സ്ഥാനത്തു തിരിച്ചു വയ്ക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ചെറുപ്പകാലത്തിൽ ഈ നല്ല ശീലങ്ങാം നാം സമ്പാദിച്ചില്ലെങ്കിൽ ഇവ ദുശ്ശീലങ്ങളായി ഭാവിയിലും നമ്മെ പിന്തുടരും.

തപാൽപ്പെട്ടികാം, തെരുവുവിളക്കുകാം, വാട്ടർടാപ്പുകാം പാർക്കുകാം, ഗ്രന്ഥശാലകാം, ആരാധനാസ്ഥലങ്ങാം, ആശുപത്രികാം, ബസ്സുകാം, തീവണ്ടികാം, തുടങ്ങിയവ പൊതുവസ്തുക്കളാണു്. നമ്മുടെ സഹകരണമുണ്ടെങ്കിൽ മാത്രമേ ഇവയും ഭംഗിയായും, വൃത്തിയായും, ക്രമമായും, സംരക്ഷിക്കപ്പെടുകയുള്ളു.

ഒരമ്മ മൂന്നു വയസ്സുള്ള കുട്ടിയുമൊത്തു പാർക്കിൽ വിശ്രമിക്കുകയായിരുന്നു. കുട്ടി ശാഠ്യപൂർവ്വം തുടർച്ചയായി നിലവിളിച്ചിട്ടും കരച്ചിൽ മാററാൻ ശ്രമിക്കാതിരുന്ന അമ്മയോടു് ഒരു അപരിചിതൻ കാരണം അന്വേഷിച്ചു. ആ സ്ത്രീ പറഞ്ഞു, ''ആ നിൽക്കുന്ന റോസപ്പൂവിനു വേണ്ടിയാണു് കുട്ടി കരയു

ന്നതു്. അതു പറിച്ചെടുക്കാൻ ഞാൻ അവനെ അനുവദിക്കു യില്ല.'' പൊതുവസ്തുക്കൾ സ്വന്തം താല്പര്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതല്ല എന്ന തത്വം ആ നല്ല അമ്മ കൊച്ചുമകനെ പഠിപ്പിക്കുകയായിരുന്നു. കുട്ടികളെ കളിപ്പി ക്കാനും, മുടിയിൽ ചൂടാനും മററുമായി പാർക്കുകളിൽനിന്നും നാം പൂക്കൾ പറിക്കാൻ തുടങ്ങിയാൽ എത്ര പെട്ടെന്നു് അവ യുടെ ഭംഗി നഷ്ടപ്പെടും?

സ്വന്തം താല്പര്യങ്ങൾ സാധിക്കാതെ വരുന്ന അവസര ങ്ങളിൽ പൊതുസ്ഥാപനങ്ങളും, സ്വത്തുക്കളും മററും നശിപ്പി ക്കുന്ന ഒരു പ്രവണത ഇന്നുണ്ടു്. മുദ്രാവാക്യങ്ങളെഴുതി വികൃത മാക്കിയ ട്രാൻസ്പോർട്ടു് ബസ്സുകളും എറിഞ്ഞു് തകർക്കപ്പെട്ട പൊതു മന്ദിരങ്ങളും ഇത്തരം പ്രവണതയുടെ പരിണതഫല ങ്ങളാണു്. ദരിദ്രരാജ്യമായ ഇൻഡ്യയിൽ, സൃഷ്ടിപരമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാമായിരുന്ന വിഭവങ്ങളാണു് ഇപ്രകാരം നശിപ്പിച്ച സാധനങ്ങളുടെ പുനർനിർമ്മാണത്തി നായി വിനിയോഗിക്കേണ്ടിവരുന്നതു്. വ്യക്തിപരമായ ലാഭത്തെക്കാൾ പൊതുനന്മയ്ക്കു് പ്രാധാന്യം കല്പിക്കുന്നതു് ഉത്ത രവാദിത്വമുള്ള പൗരന്മാരുടെ ലക്ഷണമാണു്.

## ചിന്തിക്കാൻ

1. മനുഷ്യൻ സ്വന്തം കാര്യം മാത്രം നോക്കിയാൽ പോരാ. കാരണമെന്തു്?

2. പൊതുമുതൽ ആവശ്യത്തിലധികം ഉപയോഗിക്കു ന്നതു് അനീതിയാണു്. എന്തുകൊണ്ടു്?

3. സ്വാർത്ഥലാഭത്തിനായി ലൈബ്രറിപുസ്തകത്തിലെ ചിത്രം ജോയി കീറി എടുത്തതുകൊണ്ടു് എന്തു സംഭ വിച്ചു?

4. കുട്ടി എത്ര കരഞ്ഞിട്ടും, അവൻ ആവശ്യപ്പെട്ട പൂവു് പറിച്ചെടുക്കുവാൻ അമ്മ വിസമ്മതിച്ചതിന്റെ കാര ണം എന്തു്?

5. പൊതുമുതൽ നശിപ്പിച്ചാൽ നാം തന്നെ അതിൻെറ ദുരന്തഫലം അനുഭവിക്കേണ്ടിവരും, ഉദാഹരണ സഹിതം വിശദമാക്കുക.

## പ്രവത്തിക്കാൻ

1, പൊതുമുതൽ ഉപയോഗിക്കുന്ന കാര്യത്തിൽ കുട്ടികൾ അശ്രദ്ധരാണ്; മാത്രമല്ല പലപ്പോഴും അവരതു നശിപ്പിക്കുകൂടി ചെയ്യുന്നു. ഇതിനു നിവാരണം കണ്ടെത്തുവാൻ നിങ്ങൾക്ക് എന്തു ചെയ്യാനാവുമെന്ന് ചർച്ച ചെയ്യുക.

2. സ്കൂളിൽ കുട്ടികൾ അശ്രദ്ധരായി കൈകാര്യം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്ന സാധനങ്ങളേവ? അതിൻെറ ഫലമായി അവർ അനുഭവിക്കുന്ന വിഷമതകൾ എവ?

3. നിങ്ങളുടെ വീടും പരിസരങ്ങളും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിൽ നിങ്ങൾക്കെങ്ങനെ സഹകരിക്കാനാവും?

DHARMARAM LIBRARY
BANGALORE-560 029
**Reserved Book Slip**

| Subject | Expiry |
|---|---|
| Pastoral course. | 4 SEP 1981 |
| 15 MAR 93 | |
| 6 - JUL 93 | |
| 20 JUL 93 | |

TO SERVE IN TRUTH AND LOVE

P.O.C. PUBLICATIONS_24

H46
Sa58

സന്മാർഗ്ഗ പാഠാവലി

# സ്നേഹവും സേവനവും

സ്റ്റാൻഡേർഡ് – VI